### രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : കോളേജ് വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ |
| **3 ശമ്പളം** | : യു.ജി.സി. നിരക്കിൽ |

**4 ഒഴിവുകളുടെ എണ്ണം:** ഒ.എക്സ്. 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.01.2014 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 26/12/2014, കാറ്റഗറി നമ്പർ 595/14)പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5 നിയമന രീതി:** നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽ നിന്ന് മാത്രം).

**കുറിപ്പ്:**മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** 22–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 45 വയസ്സു വരെ ഇളവു നൽകുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2 (i) ഒഴികെ)

**7 യോഗ്യതകൾ:** 1) അൻപത്തഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 173/2016
## ലക്ചറർ ഇൻ സംസ്കൃതം (ന്യായം)
## കോളേജ് വിദ്യാഭ്യാസം

### രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : കോളേജ് വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ സംസ്കൃതം (ന്യായം) |
| **3 ശമ്പളം** | യു.ജി.സി നിരക്കിൽ |

**4 ഒഴിവുകളുടെ എണ്ണം :** മുസ്ലീം/മാപ്പിള 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.06.2010 ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31/12/2014 കാറ്റഗറി നമ്പർ 709/14) പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**കുറിപ്പ്:** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22–43 ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i)(ii)(iii) & (iv) ഒഴികെ)]

**7. യോഗ്യതകൾ**

1)അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം. (അതായത് എം.എ. സംസ്കൃതം ന്യായം)

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) സംസ്കൃതത്തിലെ ഒരു പ്രത്യേക വിഷയം പഠിപ്പിക്കേണ്ടതിന് ലക്ചറർമാരെ ആവശ്യമായി വരുമ്പോൾ ആ വിഷയത്തിൽ എം.എ. (സ്പെഷ്യൽ) പഠിച്ചവരെ മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യരായി കണക്കാക്കുന്നത്. [(G.O(P)No.41/94/H.Edn. Dated 21.03.1994),G.O(P) No. 114/94/H.Edn. Dated 06.08.1994).

iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

v) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 174/2016
## നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ജ്യോഗ്രഫി (ജൂനിയർ)
## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വൊക്കേഷണൽ ഹയർ സെക്കൻററി വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ജ്യോഗ്രഫി (ജൂനിയർ) |
| **3. ശമ്പളം** | : ₹16180 – 29180 (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : ലാറ്റിൻ കത്തോലിക്സ്/ ആഗ്ലോ ഇന്ത്യൻസ് 1 (ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപറഞ്ഞ സമുദായത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.07.2015–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൻെറ (കാറ്റഗറി നമ്പർ 458/2010) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ലാറ്റിൻ കത്തോലിക്സ്/ആഗ്ലോ ഇന്ത്യൻസ് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:**–മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 23–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1993 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ.

**7. യോഗ്യതകൾ :** 1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50%മാർക്കിൽ കുറയാതെ ജ്യോഗ്രഫിയിൽ റഗുലർ പഠനത്തിനുശേഷം നേടിയ ബിരുദാനന്തരബിരുദം അഥവാ തത്തുല്യ യോഗ്യത.

2)(i) ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനുശേഷം നേടിയ ബി.എഡ്. ബിരുദം അഥവാ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച യോഗ്യത.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയവരുടെ അഭാവത്തിൽ ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ റഗുലർ പഠനത്തിനു ശേഷം നേടിയ ബി.എഡ്. (കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയുടെ ആക്റ്റുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കണം) (B.Ed. Degree acquired in the concerned facutly as specified in the acts and Statutes of any of the Universities in Kerala)

(iii) മുകളിൽ ഇനം(i) ലും, (ii) ലും സൂചിപ്പിച്ചിട്ടുള്ള ബി.എഡ്. യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനു ശേഷം നേടിയ ഏതെങ്കിലും ഒരു വിഷയത്തിലുള്ള ബി.എഡ്. ബിരുദം അഥവാ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച യോഗ്യത.

(iv) ബി.എഡ്. ബിരുദക്കാരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്)ഉം പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ, എംഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെലോഷിപ്പ് / നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യത ജയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്.ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ 5വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

(v) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച എം.എഡ് യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ റഗുലർ പഠനത്തിലൂടെ നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3)കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്കായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്:**– അദ്ധ്യാപക തസ്തികയ്ക്കുവേണ്ട എല്ലാ വിദ്യാഭ്യാസ യോഗ്യതകളും കേരളത്തിലെ അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനുശേഷം നേടിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**എക്സംപ്ഷൻ:**–

1)കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) എച്ച്.എസ്.എസ്.ടി തസ്തിക നിയമനത്തിനായി കേരള സർക്കാർ നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായവരെയും നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4)പി.എച്ച്.ഡി/എം.എഡ്./കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാല തത്ഥുല്യമായി അംഗീകരിച്ചതോ ആയ, ബന്ധപ്പെട്ട വിഷയത്തിൽ എം.ഫില്ലോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5) നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് പി.എച്ച്.ഡി തീസിസ് സമർപ്പിച്ചവരെയും എം.ഫിൽ പാസ്സായവരെയും കാലാകാലങ്ങളിൽ യു.ജി.സി എത്രകാലം ഒഴിവാക്കുന്നുവോ അത്രയും കാലയളവിലേയ്ക്ക് സെറ്റ് പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**വിശദീകരണം:**– നോൺ വൊക്കേഷണൽ അദ്ധ്യാപകർ (ജൂനിയർ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെ ബന്ധപ്പെട്ട വിഷയത്തിൽ ആഴ്ചയിൽ 15പീരിയഡിൽ താഴെ അദ്ധ്യാപനം ചെയ്യേണ്ട തസ്തിക എന്നാണ്.

**8. പ്രൊബേഷൻ:**– ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

## കാറ്റഗറി നമ്പർ: 175/2016
## അനലിസ്റ്റ് ഗ്രേഡ് III
## ഡ്രഗ്സ് കൺട്രോൾ

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ഡ്രഗ്സ് കൺട്രോൾ
**2 ഉദ്യോഗപ്പേര്** : അനലിസ്റ്റ് ഗ്രേഡ് III
**3 ശമ്പളം** : ₹11070–18450/
**4 ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 04.04.2014തീയതിയിൽ നിലവിൽ വന്ന 205/14/SSIV നമ്പർ റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 180/2010, ഗസറ്റ് തീയതി 30.06.2010) കാലയളവിൽ പട്ടികജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും മേൽപരാമർശിച്ചിട്ടുള്ള സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.)

**കുറിപ്പ :** പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 21–41
ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)
**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2(i) ഒഴികെ.)

**7. യോഗ്യതകൾ**: ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള ഫാർമസിയിലുള്ള ബിരുദം
**കുറിപ്പ് :** 1. നേരിട്ട് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 6 മാസക്കാലം ട്രെയിനിംഗിൽ ആയിരിക്കും. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയശേഷം മാത്രമേ പ്രൊബേഷൻ ആരംഭിക്കുകയുള്ളൂ.
2. KS & SSR പാർ ട്ട് II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 176/2016
## കെയർടേക്കർ (വനിത)
## സാമൂഹ്യനീതി

### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** :സാമൂഹ്യനീതി
**2 ഉദ്യോഗപ്പേര്** :കെയർടേക്കർ (വനിത)
**3 ശമ്പളം** :₹ 10480–18300/–
**4 ഒഴിവുകളുടെ എണ്ണം** :പട്ടികവർഗ്ഗം 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 04.06.2014ൽ നിലവിൽ വന്ന 322/14/SSIV നമ്പർ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപരാമർശിച്ചിട്ടുള്ള സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കാറ്റഗറി നമ്പർ 733/14 ആയി 31.12.2014 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.)
**കുറിപ്പ് :** പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–41
ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)
**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2(i) ഒഴികെ.)

**7. യോഗ്യതകൾ**
(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം
(2) സർക്കാർ അധീനതയിലുള്ള ഏതെങ്കിലും അംഗീകൃത ജുവനൈൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നോ കൺട്രോൾ ബോർഡിന്റെയോ സാമൂഹ്യക്ഷേമ ഡയറക്ടറുടെയോ സർക്കാരിന്റെയോ അംഗീകൃത അനാഥാലയങ്ങൾ പോലെയുള്ള ശിശുഭവനിൽ നിന്നോ കെയർടേക്കർ തസ്തികയിൽ നേടിയിട്ടുള്ള ഒരു വർഷത്തെ തൊഴിൽപരിചയം
**കുറിപ്പ് :** 1) KS&SSR Part II Rule 10(a)(ii) ബാധകമാണ്.
2) ഈ തസ്തികയ്ക്ക് വനിതാ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളു.
3) അപേക്ഷയിൽ പരിചയം രേഖപ്പെടുത്തേണ്ട കോളത്തിൽ ജോലിചെയ്തിരുന്ന സ്ഥാപനത്തിന്റെ പേരും ജോലിയുടെ കാലയളവും രേഖപ്പെടുത്തേണ്ടതാണ്.
4) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് (ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസർമാരെക്കൊണ്ട്) സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ തൊഴിൽപരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**
**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

## കാറ്റഗറി നമ്പർ: 177/2016
## ഡ്രൈവർ ഗ്രേഡ് 2 / ട്രാക്ടർ ഡ്രൈവർ
## സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1 സ്ഥാപനത്തിന്റെ പേര്**: സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് 2 / ട്രാക്ടർ ഡ്രൈവർ
**3 ശമ്പളം** : ₹ 9190–15780/–
**4 ഒഴിവുകളുടെ എണ്ണം** : എൻ സി എ മുസ്ലിം 1 (ഒന്ന്)

കുറിപ്പ്:(i)മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 23.07.2007തീയതിയിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 159/2003)കാലയളവിൽ മുസ്ലീം സമുദായത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6.പ്രായം** : 18–39,
ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
(പൊതു വ്യവസ്ഥകളിലെ 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)
**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധി യിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ട തുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(ii), (iii), (iv),(vi) & (xii) നോക്കുക.)

**7. യോഗ്യതകൾ** : 1) ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത
2) ഹെവി മോട്ടോർ വാഹനങ്ങളും ട്രാക്ടറും ഓടിക്കുവാനുള്ള എൻഡോഴ്സ്മെന്റോടുകൂടിയ കറന്റ് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം, 16.1.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
3) ഒരു സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനത്തിലോ രജിസ്റ്റേർഡ് സ്ഥാപനത്തിലോ ഹെവി മോട്ടോർ വാഹനങ്ങൾ ഓടിച്ചുള്ള ഒരു വർഷത്തെ പരിചയം.
4)മോട്ടോർ വെഹിക്കിൾ നിയമപ്രകാരമുള്ള മെഡിക്കൽ ഫിറ്റ്നസ് ഉണ്ടായിരിക്കണം. നിശ്ചിത ഫാറത്തിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം.
***5). വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.***
6) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും എഴുത്തുപരീക്ഷ/പ്രായോഗികപരീക്ഷ/ ഇന്റർവ്യൂ മുതലായവ നടത്തുന്ന അവസരങ്ങളിലും തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് കറന്റ് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മുതൽ തുടർച്ചയായ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.
7)ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗത്ഭ്യം കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.
**കുറിപ്പ് :** കെ.എസ്.ആന്റ് എസ് .എസ്. ആർ പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**
**കുറിപ്പ്** 1) പരിചയസർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19–ാം ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം
2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3) സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.
**ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ചശക്തി എന്നിവ തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം (www.keralapsc.gov.in) കാണുക.**
11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (vii), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5,5(മ),6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 178/2016 – 179/2016
## ഡ്രൈവർ ഗ്രേഡ് 2/ഡ്രൈവർ (എൽ.ഡി.വി)
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/അതോറിറ്റികൾ/ സൊസൈറ്റികൾ

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** :സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/അതോറിറ്റികൾ/ സൊസൈറ്റികൾ
**2. ഉദ്യോഗപ്പേര്** :ഡ്രൈവർ ഗ്രേഡ് 2/ഡ്രൈവർ (എൽ.ഡി.വി)
**3. ശമ്പളം** :ഈ തസ്തികയ്ക്ക് അതാതു സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക്
**4. ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 178/2016 | പട്ടികജാതി | 2 (രണ്ട്) |
| 179/2016 | മുസ്ലീം | 1 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.11.2012 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും പ്രസ്തുത സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം. (പട്ടികജാതി, മുസ്ലീം എന്നീ വിഭാഗത്തിൽ നിന്ന് മാത്രം)
കുറിപ്പ്: മുകളിൽ പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അ

ങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : പട്ടികജാതി: 18–41. ഉദ്യോഗാർത്ഥികൾ 01.01.1998നും 02.01.1975നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

മുസ്ലീം :18–39. ഉദ്യോഗാർത്ഥികൾ 01.01.1998നും 02.01.1977നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

മുസ്ലീം :18–39. ഉദ്യോഗാർത്ഥികൾ 01.01.1998നും 02.01.1977നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** കേരള ഫിഷറീസ് കോർപ്പറേഷനിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് 31.12.1984ലെ ജി.ഒ.(ആർ.റ്റി)1942/84/പി.ഡബ്ല്യൂ ഉത്തരവ് പ്രകാരം ടി കോർപ്പറേഷനിലുള്ള സർവ്വീസിന്റെ ദൈർഘ്യത്തോളം വയസ്സിളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി അൻപത് വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. ഒരേ മാർക്കു ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ടി ആനുകൂല്യം ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾ തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യം, പിരിച്ചുവിടപ്പെട്ട തീയതി ഇവ തെളിയിക്കുന്നതിനും കേരള ഫിഷറീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**7. യോഗ്യതകൾ :** 1 മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും ഭാഷ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം. 8, 9, 10 ക്ലാസ്സുകൾ ജയിച്ചിട്ടുള്ളവരെ മാത്രം പ്രസ്തുത യോഗ്യത നിഷ്കർഷിക്കുന്ന സ്ഥാപനത്തിലേക്ക് പരിഗണിക്കുന്നതാണ്.

2 ലൈറ്റ് ഡ്യൂട്ടിവാഹനങ്ങൾ ഓടിക്കുവാൻ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും.

3 ലൈസൻസ് എടുത്തിട്ട് മൂന്നു വർഷം തികഞ്ഞിരിക്കണം

4 മോട്ടോർ വെഹിക്കിൾസ് ആക്ട് ആന്റ് റൂൾസിൽ പറയുന്ന പ്രകാരമുള്ള താഴെപ്പറയുന്ന സാധാരണ കാഴ്ച ശക്തിയും മെഡിക്കൽ ഫിറ്റ്നസും ഉണ്ടായിരിക്കണം.

**5 മെഡിക്കൽ ഫിറ്റ്നസ് :**

എ) ചെവി : പരിപൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം

ബി) കണ്ണ് : ദൂരക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 6/6 സ്നെല്ലൻ

സമീപക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 0.5സ്നെല്ലൻ

കളർവിഷൻ: സാധാരണമായിരിക്കണം

നിശാന്ധത : ഇല്ലാതിരിക്കണം

കാഴ്ച മേഖല പൂർണ്ണമായിരിക്കണം

സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും അനായാസമായി ചലിപ്പിക്കാവുന്നവയായിരിക്കണം

ഡി) നാഡീഘടന :പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം . പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

മേൽപ്പറഞ്ഞവ സംബന്ധിച്ച വിവരങ്ങൾ തെളിയിക്കുന്ന ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) നിശ്ചിത ഫാറത്തിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം.

***കുറിപ്പ്: 1. വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.***

2 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ എല്ലാ അവസരങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും (Current Driving Licence and Badge) ഉണ്ടായിരിക്കണം

3 ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗൽഭ്യം കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

11(a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (vii) എന്നീ ഉപഖണ്ഡികകളും 5,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 180/2016
## കോൾക്കർ
## സംസ്ഥാന ജലഗതാഗതം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : സംസ്ഥാന ജലഗതാഗതം |
| **2. ഉദ്യോഗപ്പേര്** | : കോൾക്കർ |
| **3. ശമ്പളം** | : ₹8960–14260 |
| **4. ഒഴിവുകളുടെ എണ്ണം** | : ഒ ബി സി 1 (ഒന്ന്) |

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 12.11.2013 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 141/2010) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒബിസി സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽനിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകു ന്നതല്ല.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :** പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ. [വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക2(i) ഒഴികെ]

**7. യോഗ്യതകൾ:**

1. ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2. ഒരു അംഗീകൃത ബോട്ട് ബിൽഡിംഗ് യാർഡിൽ കോൾക്കറായി മൂന്നുവർഷത്തെ പരിചയം.

**കുറിപ്പ്:** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

കുറിപ്പ്:– പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

## കാറ്റഗറി നമ്പർ: 181/2016
## സൈക്യാട്രിക് സോഷ്യൽ വർക്കർ
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1 വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസ സർവീസ് |
| **2 ഉദ്യോഗപ്പേര്** | : സൈക്യാട്രിക് സോഷ്യൽ വർക്കർ |
| **3 ശമ്പളം** | : ₹ 8390–13270/ (പഴയ ശമ്പള സ്കെയിൽ) |

**4 ഒഴിവുകളുടെ എണ്ണം** : ഈഴവ/തീയ്യ/ബില്ലവ – 1 (ഒന്ന്)

**നോട്ട്:**–മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്ക പ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 16.06.2014– നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ:52/09) കാലയളവിൽ മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവുകളിലേക്കും തുടർന്നുള്ള അത്തരം ഒഴിവുകളിലേക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം (ഈഴവ/തീയ്യ/ബില്ലവ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:**– ഈഴവ/തീയ്യ/ബില്ലവ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 21–39 ഉദ്യോഗാർത്ഥികൾ 02/01/1977–നും 01/01/1995 നും ഇടയിൽ ജനിച്ചവർ (രണ്ട് തീയതികളും ഉൾപ്പെടെ) ആയിരിക്കണം. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ൽ പറയുന്ന ഇളവുകൾ ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ:** സൈക്യാട്രിക് സോഷ്യൽ വർക്കിൽ നേടിയിട്ടുള്ള എം.ഫിൽ ബിരുദം.

**അല്ലെങ്കിൽ**

സോഷ്യോളജിയിലോ സൈക്കോളജിയിലോ നേടിയ മാസ്റ്റർ ബിരുദവും സൈക്യാട്രിക് സോഷ്യൽ വർക്കിലുള്ള ഡിപ്ലോമയും.

**അല്ലെങ്കിൽ**

എം.എസ്.ഡബ്ല്യൂ ബിരുദവും സൈക്യാട്രിക് സോഷ്യൽ വർക്കിലുള്ള ഡിപ്ലോമയും.

**അല്ലെങ്കിൽ**

കേരള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന സൈക്യാട്രിക് സോഷ്യൽ വർക്കിലുള്ള പോസ്റ്റ് ഗ്രാജേറ്റ് ഡിപ്ലോമ

കുറിപ്പ്: KS & SSR Part II Rule 10 (a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 182/2016
## സ്റ്റോർ കീപ്പർ
## കേരള ആഗ്രോ ഇൻഡസ്ട്രീസ് കോപ്പറേഷൻ ലിമിറ്റഡ്

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. സ്ഥാപനത്തിന്റെ പേര്** | : കേരള ആഗ്രോ ഇൻഡസ്ട്രീസ് കോപ്പറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : സ്റ്റോർ കീപ്പർ |
| **3. ശമ്പളം** | : ₹ 1600–2600/ (PR) |

**4. ഒഴിവുകളുടെ എണ്ണം** : ഒ ബി സി 1 (ഒന്ന്)

(1)മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 19.02.2016–ാം തീയതിയിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 391/2010 കാലയളവിൽ ഒ ബി സി സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒ ബി സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** :18 –42 ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടുതീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ആനുകൂല്യം ഉൾപ്പെടെ]

**കുറിപ്പ്:** (1) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം

2. ഒ ബി സി വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ

പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 vi,vii,xii നോക്കുക)

**7. യോഗ്യതകൾ :**

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ അല്ലെങ്കിൽ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും, കമ്പനി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു സ്ഥാപനത്തിൽ എഞ്ചിനീയറിംഗ് സ്റ്റോറിലുള്ള 6 മാസത്തെ പ്രവൃത്തി പരിചയവും

**കുറിപ്പ്:** കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്

പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** (1) ജോലി ചെയ്തിതിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താല്ക്കാ ലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം

(2)എല്ലാ പരിചയ സട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) പ്രായോഗിക പരിചയം അടിസ്ഥാന യോഗ്യത നേടിയശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായും നേടിയതായിരിക്കണം.

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ii, iii, iv, v, viii, ix, x, xi & xiii ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേല്പ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേല്പ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

## കാറ്റഗറി നമ്പർ: 183/2016
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (തമിഴ്)
## വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (തമിഴ്)
**3. ശമ്പളം** : ₹ 14,620–25,280/
4. ഒഴിവുകളുടെ എണ്ണം : ജില്ലാടിസ്ഥാനത്തിൽ ധീവര ഇടുക്കി 1 (ഒന്ന്)

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 22.09.2015 | 440/2012 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ധീവര സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**നോട്ട് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** (i) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ തമിഴ് ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ പഠനത്തിലുള്ള (തമിഴ്) ടൈറ്റിലും കേരളത്തിലെ പരീക്ഷാ കമ്മീഷണർ നല്കിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും.

**കുറിപ്പ്:** (i) തമിഴ് ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കുംബിഎഡ്/ബിറ്റി/എൽറ്റി നേടിയിട്ടുള്ളപക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. (ii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.
(iii) KS & SSR Part II Rule 10 a (ii) ബാധകമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനകാര്യത്തിൽ സാമുദായിക സംവരണ നിയമനങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/പി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യു. തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യു. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യു. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ] താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോഎന്നതിന് ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യു. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും

(iii) ഗവൺമെന്റ് നഴ്സറി / പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ. (എം.എസ്) നമ്പർ 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ. (എം.എസ്) നമ്പർ 466/70/എഡ്യു തീയതി 11.11.1970].

**കുറിപ്പ് :** മേൽപ്പറഞ്ഞതോ താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്. യാതൊരു കാരണവശാലും ഉയർന്നേ പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക)

## കാറ്റഗറി നമ്പർ: 184/2016
## ഡ്രൈവർ (HDV)
## എക്സൈസ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : എക്സൈസ്
**2. ഉദ്യോഗപ്പേര്** : ഡ്രൈവർ (HDV)
**3. ശമ്പളം** : ₹ 9190–15780/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ (ജാതിയടിസ്ഥാനത്തിൽ ) തിരുവനന്തപുരം-ഒ.എക്സ് 01 (ഒന്ന്)

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ് ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 18.06.2013 | 118/2007 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം :** 21 – 42. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i) ലെ ഇളവുകളക്കം]

കുറിപ്പ്: 1) പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 44 വയസ്സു വരെ ഇളവ് അനുവദിക്കാവുന്നതാണ്.

വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ** : (1) ഏഴാം ക്ലാസ്സ് (പുതിയത്) അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

(2) ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം.

(3) ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്) ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

(4) ശാരീരിക യോഗ്യത: 165 സെ.മീറ്ററിൽ കുറയാത്ത ഉയരവും, നെഞ്ചളവ് 83 സെ. മീറ്ററിൽ കുറയാത്ത നെഞ്ചളവും കുറഞ്ഞപക്ഷം 4 സെ.മീ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.

(5) മെഡിക്കൽ ഫിറ്റ്നസ്സ്

| | | | |
|---|---|---|---|
| (എ) ചെവി | | : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) കണ്ണ് | | : വലത് | ഇടത് |
| | ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| | സമീപ കഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| | കളർ വിഷൻ | : സാധാരണമായിരിക്കണം | |
| | മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളരാത്തതും ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധരണരീതിയിലുള്ളതായിരിക്കണം.പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:** 1) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(5)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (5 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ 7 –ാം ഖണ്ഡികയിലെ 5 (b) യിൽ പറയുന്ന കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവീകസിലുള്ള ഒഫ്താൽമോ ളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈവിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR Test, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥി കൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

പ്രൊബേഷൻ : ഈ തസ്തികയിൽ നിയമിക്കപ്പെടുമ്പോൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ചശക്തി എന്നിവ തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം (www.keralapsc.gov.in) കാണുക.**

## കാറ്റഗറി നമ്പർ: 185/2016 – 186/2016
## ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്
## (വിമുക്തഭടന്മാർ മാത്രം)
## എൻ.സി.സി/സൈനികക്ഷേമ വകുപ്പ്

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : എൻ.സി.സി/സൈനികക്ഷേമ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (വിമുക്തഭടന്മാർ മാത്രം)
**3. ശമ്പളം** : ₹ 8,500–13,210/
**4. ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 185/2016 | ഒ.ബി.സി | ആലപ്പുഴ 01 (ഒന്ന്) |
| 186/2016 | എൽ.സി/എ.ഐ | പാലക്കാട് 01 ( ഒന്ന്) |

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 05.12.2012 | 239/2008 |
| പാലക്കാട് | 27.09.2012 | 239/2008 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഒ.ബി.സി, എൽ.സി/എ.ഐ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥി കളിൽ നിന്നു മാത്രം)

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1966 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2ൽ പറയുന്ന പട്ടാള സേവന കാലമുൾപ്പടെയുള്ള മാറ്റാനുകൂല്യങ്ങൾ ഇതിലുൾപ്പെടും

**7. യോഗ്യതകൾ :** (1) മലയാളത്തിലോ, തമിഴിലോ, കന്നഡയിലോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.
(2) വിമുക്തഭടൻ ആയിരിക്കണം.

**കുറിപ്പ്:** KS&SSR Part II Rule 10 (a) ii ബാധകമാണ്.

**കുറിപ്പ്:** (1) വാച്ചർ, നൈറ്റ് വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകൾക്ക് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരും സ്ത്രീകളും അർഹരല്ല.

(2) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ എല്ലാ തസ്തികകൾക്കും വേണ്ടി ഒരു പൊതു റാങ്ക് ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

(3) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവിലേയ്ക്കും ഊഴം അനുസരിച്ച് ശുപാർശ ചെയ്യാവുന്നതാണ്. ●

# പ്രാധാന്യമുള്ള ദിവസങ്ങൾ

**ദേശീയ വനിതാ ദിനം (ഫെബ്രുവരി 13):** ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണറായ സരോജിനി നായിഡുവിന്റെ ജന്മദിനം. സ്ത്രീകളുടെ ഉന്നമനത്തിനായി അർപ്പിച്ച സേവനങ്ങൾക്ക് അംഗീകാരമെന്ന നിലയിലാണ് ഈ ആചരണം.

**ദേശീയ ശാസ്ത്രദിനം (ഫെബ്രുവരി 28):** രാമൻ ഇഫക്ട് കണ്ടുപിടിച്ച സി.വി.രാമൻ അതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് 1928 ഫെബ്രുവരി 28 നായിരുന്നു. രാമൻ ഇഫക്ട് സി.വി. രാമനെ ഫിസിക്സ് നൊബേൽ സമ്മാനത്തിന് അർഹനാക്കി (1930). ശാസ്ത്രവിഷയത്തിൽ നൊബേൽ നേടിയ ആദ്യ ഏഷ്യക്കാരനാണ് അദ്ദേഹം.

**ദേശീയ സാമുദ്രിക ദിനം (ഏപ്രിൽ 5):** സമുദ്രഗതാഗതം ബ്രിട്ടിഷുകാർ നിയന്ത്രിച്ചിരുന്ന സമയത്ത് ഇന്ത്യൻ നാവിക ചരിത്രത്തിൽ പുതിയ ഒരു അധ്യായത്തിനു തുടക്കമിട്ടുകൊണ്ട് സിന്ധ്യ സ്റ്റീം നാവിഗേഷൻ കമ്പനിയുടെ ആദ്യ കപ്പലായ എസ്.എസ്. ലോയൽറ്റി 1919 ഏപ്രിൽ 5–ന് യുണൈറ്റഡ് കിങ്ഡത്തിലേക്ക് കന്നിയാത്ര തിരിച്ചതിന്റെ സ്മരണയ്ക്ക് ഏപ്രിൽ 5 ദേശീയ സാമുദ്രിക ദിനമായി ആചരിക്കുന്നു.

**രാഷ്ട്രീയ ജനനി സുരക്ഷാ ദിവസ് (ഏപ്രിൽ 11):**ഗാന്ധിജിയുടെ സഹധർമ്മണിയായിരുന്ന കസ്തുർബാ ഗാന്ധിയുടെ ജന്മദിനം (1869–1944).

**ദേശീയ ഐക്യദാർഢ്യദിനം (മെയ് 13):** ഫക്രുദ്ദീൻ അലി അഹമ്മദിന്റെ ജന്മദിനം.

**ഭീകരപ്രവർത്തന വിരുദ്ധദിനം (മെയ് 21):** രാജീവ് ഗാന്ധി വധിക്കപ്പെട്ട ദിവസം.

എൽ.ടി.ടി.ഇ. ആസൂത്രണം ചെയ്ത ഒരു ബോംബുസ്ഫോടനത്തിൽ തമിഴ്നാട്ടിലെ ശ്രീപെരുംപുതൂരിൽവച്ചാണ് തിരഞ്ഞെടുപ്പ് പര്യടനത്തിനിടെ 1991 മെയ് 21ന് രാജീവ് ഗാന്ധി കൊല്ലപ്പെട്ടത്. മരഗതം ചന്ദ്രശേഖറായിരുന്നു ആ മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർഥി.

**ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം (ജൂൺ 29):** സ്ഥിതിവിവരശാസ്ത്രവിദഗ്ധനായിരുന്ന പി.സി. മഹലനോബിസിന്റെ ജന്മദിനം. രണ്ടാം പഞ്ചവത്സര പദ്ധതി മഹലനോബിസ് മോഡൽ എന്നറിയപ്പെടുന്നു.

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനാണ് പി.സി. മഹലനോബിസ്.

**ഡോക്ടേഴ്സ് ദിനം (ജൂലൈ 1):** പശ്ചിമ ബംഗാളിന്റെ രണ്ടാമത്തെ മുഖ്യമന്ത്രിയായിരുന്ന ഡോ.ബി.സി.റോയിയുടെ ജന്മദിനം. അദ്ദേഹം ഒരു ഡോക്ടറായിരുന്നു.

**ദേശീയ കൈത്തറി ദിനം (ആഗസ്ത് 7):** ബ്രിട്ടിഷുകാർ ബംഗാൾ വിഭജിച്ചതിനെതിരെ പ്രതിഷേധിച്ചുകൊണ്ട് സ്വദേശി പ്രസ്ഥാനം ആരംഭിച്ചത് 1905 ആഗസ്ത് ഏഴിനാണ്. ആദ്യത്തെ കൈത്തറി ദിനാഘോഷം 2015 –ൽ ചെന്നൈയിലാണ് സംഘടിപ്പിച്ചത്.

**സദ്ഭാവനാ ദിനം (ആഗസ്ത് 20):** രാജീവ് ഗാന്ധിയുടെ ജന്മദിനം.

1944–ൽ മുംബൈയിലാണ് ഫിറോസ്– ഇന്ദിര ദമ്പതിമാർക്ക് രാജീവ് പിറന്നത്.

**ദേശീയ സ്പോർട്സ് ദിനം (ആഗസ്ത് 29):** ഹോക്കിതാരം മേജർ ധ്യാൻചന്ദിന്റെ ജന്മദിനം.

ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച ഹോക്കി കളിക്കാരനായ ഇദ്ദേഹം ഹോക്കി മാന്ത്രികൻ എന്നാണ് അറിയപ്പെടുന്നത്. കായികരംഗത്തെ ആജീവാനാന്തമികവിന് ഇന്ത്യാഗവൺമെന്റ് നൽകുന്ന അവാർഡാണ് ധ്യാൻചന്ദ് അവാർഡ്.

രാജീവ് ഗാന്ധി ഖേൽരത്ന, അർജുന അവാർഡ്, ദ്രോണാചാര്യ അവാർഡ് എന്നിവ ദേശീയ കായികദിനത്തിൽ രാഷ്ട്രപതി ഭവനിൽവച്ച് സമ്മാനിക്കുന്നു.

**ദേശീയ അധ്യാപക ദിനം (സെപ്തംബർ 5):** ഡോ.എസ്.രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 ദേശീയ അധ്യാപകദിനമായി 1962 മുതൽ ആചരിച്ചുപോരുന്നു.

**എഞ്ചിനിയേഴ്സ് ദിനം (സെപ്തംബർ 15):** ഡോ.എം. വിശ്വേശ്വരയ്യയുടെ ജന്മദിനം.

മൈസൂർ സംസ്ഥാനത്തിന്റെ ദിവാനായിരുന്ന ഡോ.എം. വിശ്വേശ്വരയ്യ ഒരു സാമ്പത്തിക വിദഗ്ധൻ കൂടിയായിരുന്നു.

ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു.

**ദേശീയ സന്നദ്ധരക്തദാന ദിനം (ഒക്ടോബർ 1):** ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആന്റ് ഇമ്യൂണോ ഹീമറ്റോളജിയുടെ നേതൃത്വത്തിൽ 1975 മുതലാണ് ഒക്ടോബർ 1 ദേശീയ സന്നദ്ധ രക്തദാന ദിനമായി ആചരിക്കാൻ തുടങ്ങിയത്.

**ദേശീയ പുനരർപ്പണദിനം (ഒക്ടോബർ 31):** ഇന്ദിരാഗാന്ധി വധിക്കപ്പെട്ട ദിവസം.

1984 ഒക്ടോബർ 31–ന് ന്യൂഡൽഹിയിൽവച്ച് സ്വന്തം അംഗരക്ഷകരായ സത്വന്ത്സിംഗ്, ബിയാന്ത് സിംഗ് എന്നിവരുടെ വെടിയേറ്റാണ് ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടത്. ബിയാന്ത് സിങിനെ മറ്റ് സുരക്ഷാഭടൻമാർ അപ്പോൾത്തന്നെ വെടിവച്ചുകൊന്നു. ഇന്ദിരാഗാന്ധി വധക്കേസിൽ സത്വന്ത്സിംഗിനേയും കേഹർ സിംഗിനെയും 1989 ജനുവരി ആറിന് തിഹാർ ജയിലിൽ വധശിക്ഷയ്ക്ക് വിധേയരാക്കി.

**ദേശീയ ഏകതാ ദിവസ് അഥവാ നാഷണൽ യൂണിറ്റി ഡേ (ഒക്ടോബർ 31):** സർദാർ വല്ലഭ് ഭായ് പട്ടേൽ (1875–1950) ജനിച്ച ദിവസം.

(തുടരും)

# General English

## 1

1. There was complete peace during his ____.
   (a) rain (b) rein
   (c) reigne (d) reign
2. Teaching is a ____ profession.
   (a) respectful (b) respective
   (c) respectable (d) respectfully
3. A Government by the rich:
   (a) Aristocracy (b) Plutocracy
   (c) Theocracy (d) Oligarchy
4. Choose the one which best expresses the meaning of the word CHARGES:
   (a) Income (b) Payment
   (c) Fee (d) Profit
5. When he was about to be arrested he ___ the police.
   (a) went in (b) went for (c) went to (d) went by
6. Go at once ____ you will be late.
   (a) since (b) although
   (c) and (d) or
7. That which cannot be imitated:
   (a) Inevitable (b) Invincible
   (c) Inimitable (d) Incapable
8. Which is the correctly spelt word?
   (a) Succesful (b) Successful
   (c) Successfull (d) Succesfull
9. Do we have ____ food for a fortnight?
   (a) any (b) many
   (c) indeed (d) sufficient
10. He comes here <u>now and then</u> : The underlined words means:
    (a) Frequently (b) Occasionally
    (c) Always (d) Suddenly
11. That bag is too heavy for you. Let me ___ you.
    (a) help (b) to help
    (c) helping (d) helped
12. That was_____ meal I've ever eaten.
    (a) the more delicious (b) the delicious
    (c) most delicious (d) the most delicious
13. Choose the word which best expresses the meaning of 'AFFABLE':
    (a) Glum (b) Polite
    (c) Reserved (d) Cordial
14. A dog barks; a cat ____.
    (a) croaks (b) bleats
    (c) mews (d) grunts
15. The opposite of 'Appoint' is:
    (a) Disappoint (b) Refuse
    (c) Decline (d) Dismiss
16. The study of races:
    (a) Ethology (b) Ethnology
    (c) Etymology (d) Morphology
17. All but ____ were present in the station.
    (a) I (b) mine (c) me (d) I am
18. My friend is good at Hindi, but he is weak ___ grammar.
    (a) by (b) at (c) in (d) from
19. Even the new drug could not cure him ____ his illness.
    (a) of (b) from (c) in (d) at
20. If you think or speak too much of yourself, you are ____
    (a) a pedant (b) a glutton
    (c) a pacifist (d) an egotist
21. Those who are jealous ___ others never get peace in life.
    (a) by (b) from
    (c) in (d) of
22. ____ learning a dangerous thing, says Alexander the Great.
    (a) Little (b) Few
    (c) A little (d) A few
23. The meaning of 'Erratic':
    (a) Cunning (b) Abnormal
    (c) Hardened (d) Deadly
24. ____ is one who studies the sky and stars.
    (a) An astrologer (b) A geologist
    (c) An astronomer (d) A prophet
25. It's late. I must ____ now.
    (a) go (b) to go
    (c) going (d) gone

### Answers

1 (d) 2(c) 3 (b) 4 (c) 5(b) 6(d) 7(c) 8(b) 9(d) 10(b)11(a) 12(d) 13(d) 14(c) 15(d) 16(b) 17(c) 18(c) 19(a) 20(d)21(d) 22(c) 23(b) 24(c) 25(a)

## 2

1. Which word is wrongly spelt?
   (a) Magnificient (b) Rheumatism
   (c)Bureau (d) Perseverence
2. This is ___ unusual matter.
   (a) an (b) the
   (c) a (d) of
3. Is he ___ heir to the throne?
   (a) the (b) an
   (c) a (d) article not required
4. One who works for free:
   (a) Sinecure (b) Mercinary
   (c) Volunteer (d) Gourmet
5. The meaning of 'Proscribe':
   (a) Write (b) List medicine
   (c) Allow (d) Banish
6. There ____ three cows in the field.
   (a) are (b) is
   (c) was (d) has
7. Choose the word which is opposite in meaning to the given word 'MONOGAMY':
   (a) Polyandry (b) Bigamy
   (c) Polygamy (d) Matrimony
8. One who is easily deceived:
   (a) Charlatan (b) Gullible
   (c) Veteran (d) Cynic
9. The opposite of 'Assemble':
   (a) Disperse (b) Group
   (c) Repel (d) Deny
10. Seema and Sita …… now.
    (a) slept (b) were sleeping
    (c) had slept (d) are sleeping
11. The word 'ecstasy' means:
    (a) Great sorrow (b) Great happiness
    (c) Hope (d) Faith
12. A speech delivered without any previous preparation:
    (a) Extempore (b) Maiden
    (c) Prologue (d) Spinster
13. If dogs bark; then sparrows ___.
    (a) scream (b) talk
    (c) twitter (d) roar
14. A person who hates the institution of marriage:
    (a) Misogynist (b) Misologist
    (c) Misogamist (d) Misnomer
15. The opposite of 'Attach':
    (a) Abstract (b) Detach
    (c) Attend (d) Match
16. If they really tried, they ___ the prize.
    (a) will win (b) can win
    (c) could win (d) could have won
17. 'Diffident' best means:
    (a) not confident (b) difficult
    (c) different (d) bold
18. I shall be there __ 4p.m. on Friday.
    (a) on (b) in (c) at (d) upon
19. We ….. a very enjoyable holiday in Ooty last summer.
    (a) have had (b) had
    (c) were (d) was
20. My mother usually cooks food in the morning, but today she ….. in the evening.
    (a) cooks (b) has been cooking
    (c) is cooking (d) would have cooked
21. Everyone cheered the winner, …..?
    (a) did he (b) didn't they
    (c) didn't he (d) did they
22. The antonym of 'Behave':
    (a) Misbehave (b) Unbehave
    (c) Disbehave (d) Nonbehave
23. 'Plethora' means:
    (a) Pliant (b) Platform
    (c) Excess (d) Lack
24. Parents have to provide ….. their children.
    (a) with (b) for
    (c) by (d) to
25. Have you ever …… to Calcutta?
    (a) gone (b) been
    (c) went (d) go

### Answers

1 (a) 2(a) 3 (b) 4 (c) 5(d) 6(a) 7(c) 8(b) 9(a) 10(d) 11(b) 12(a) 13(c) 14(c) 15(b) 16(c) 17(a) 18(c)19(b) 20(c) 21(b) 22(a) 23(c) 24(b) 25(b)

# കേരളത്തിലെ ജില്ലകൾ



**കെ.കരുണാകരൻ, ഇ.കെ.നായനാർ, പിണറായി വിജയൻ എന്നീ മുഖ്യമന്ത്രിമാരെ കേരളത്തിന് സംഭാവന ചെയ്ത കണ്ണൂർ. കൊല്ലം സ്വദേശിയായ ആർ. ശങ്കർ കേരള മുഖ്യമന്ത്രിയായിരുന്ന സമയത്ത് പ്രതിനിധാനം ചെയ്തിരുന്ന മണ്ഡലം കണ്ണൂരായിരുന്നു. ഒരുപാട് സമരനായകൻമാർക്ക് ജന്മം നൽകുകയും നിരവധി സമരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത കണ്ണൂരിനെയാണ് ഈ ലക്കം നമ്മൾ അടുത്തറിയുന്നത്.**

**ആർ.സി.സുരേഷ്കുമാർ**
rcsk1234@gmail.com

# കണ്ണൂർ

## പ്രത്യേകതകൾ

* കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ളത്.
* പട്ടികജാതിനിരക്ക് ഏറ്റവും കുറവുള്ള ജില്ല
* 2011 സെൻസസ് പ്രകാരം കേരളത്തിലെ ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീപുരുഷ അനുപാതം (1136).
* ഭൂരഹിതരില്ലാത്ത, ഇന്ത്യയിലെ ആദ്യത്തെ ജില്ല
* ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ജില്ല.
* കേരളത്തിൽ കശുവണ്ടി ഉൽപാദനത്തിൽ ഒന്നാം സ്ഥാനമുള്ള ജില്ല.
* കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള ജില്ല
* ബീഡി വ്യവസായത്തിന് പ്രസിദ്ധമായ ജില്ല.

## ആദ്യത്തേത്

* മലയാളത്തിലെ ആദ്യത്തെ പത്രമായ രാജ്യസമാചാരം 1847-ൽ എവിടെ നിന്നുമാണ് പ്രസിദ്ധീകരണമാരംഭിച്ചത്- **തലശ്ശേരി**
* കേരളത്തിൽ ആദ്യമായി അയൽക്കൂട്ടം നടപ്പിലാക്കിയത്- **കല്യാശ്ശേരി**
* കേരളത്തിലെ ആദ്യത്തെ ക്രിക്കറ്റ് ക്ലബ്ബ്- **തലശ്ശേരി ടൗൺ ക്രിക്കറ്റ് ക്ലബ്ബ്**
* ഇന്ത്യയിലെ ആദ്യത്തെ ജിംനാസ്റ്റിക് പരിശീലനകേന്ദ്രം- **തലശ്ശേരി**
* വടക്കൻ കേരളത്തിലെ ആദ്യത്തെ അച്ചുകൂടം- **തലശ്ശേരി മിഷൻ പ്രസ്**
* കേരളത്തിൽ സഹകരണമേഖലയിലെ ആദ്യത്തെ മെഡിക്കൽ കോളേജ്- **പരിയാരം**
* ഇന്ത്യയിലെ ആദ്യത്തെ ഇ-സാക്ഷരതാ പഞ്ചായത്ത്- **ശ്രീകണ്ഠാപുരം**
* കണ്ണൂർ സർവകലാശാലയുടെ ആദ്യ വൈസ് ചാൻസലർ- **അബ്ദുൾ റഹ്മാൻ**
* ഇന്ത്യയിലെ ആദ്യത്തെ കോസ്റ്റ് ഗാർഡ് അക്കാദമി സ്ഥാപിക്കുന്ന സ്ഥലമാണ് ഇരിണാവിലുള്ള മടക്കര.
* ആദ്യത്തെ സങ്കര കുരുമുളകിനമാണ് പന്നിയൂർ.
* കേരളത്തിലാദ്യമായി ക്രിസ്മസ് കേക്കുണ്ടാക്കിയത് തലശ്ശേരിയിലെ മമ്പള്ളി ബേക്കറിയിലാണ്.
* നിയമസഭാംഗമാകാതെ മന്ത്രിയായ ആദ്യ വ്യക്തിയാണ് കെ.മുരളീധരൻ.
* ഇന്ത്യയിലാദ്യമായി സർക്കാർ ഉടമസ്ഥതയിൽ കലാഗ്രാമം സ്ഥാപിക്കാൻ തീരുമാനിച്ചത് കണ്ണൂരിലാണ്.
* ശ്രീനാരായണഗുരു മലബാറിൽ ആദ്യത്തെ ക്ഷേത്രപ്രതിഷ്ഠ നടത്തിയത് തലശ്ശേരിയിലാണ്.
* കേരളത്തിലെ ആദ്യത്തെ രജിസ്ട്രാർ ഓഫീസ് പ്രവർത്തനം ആരംഭിച്ചത് തലശ്ശേരിയിലാണ് (1864).
* രണ്ടുതവണ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയ ആദ്യ ഗ്രാമ പഞ്ചായത്താണ് മാങ്ങാട്ടിടം.
* തിരിച്ചറിയൽ കാർഡ് നിർബന്ധിതമാക്കി തിരഞ്ഞെടുപ്പ് നടത്തിയ കേരളത്തിലെ ആദ്യത്തെ തദ്ദേശ ഭരണ സ്ഥാപനമാണ് മട്ടന്നൂർ.
* ഇന്ത്യയിലെ ആദ്യത്തെ കോസ്റ്റ് ഗാർഡ് അക്കാദമി സ്ഥാപിച്ചത് ഇരിണാവിലാണ്.
* തടവുകാരുടെ നേതൃത്വത്തിൽ ബ്യൂട്ടി പാർലർ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ജയിൽ-കണ്ണൂർ സെൻട്രൽ ജയിൽ
* ഇന്ത്യയിലെ ആദ്യത്തെ സർക്കസ് കമ്പനിയാണ് 1904-ൽ ആരംഭിച്ച മലബാർ ഗ്രാൻഡ് സർക്കസ്.
* കേരളത്തിൽ ആദ്യമായി ക്രിക്കറ്റ് കളിച്ചത് തലശ്ശേരിയിലാണ്.
* കേരളത്തിലെ ആദ്യത്തെ ക്രിക്കറ്റ് ക്ലബ്ബാണ് 1860-ൽ തലശ്ശേരിയിൽ സ്ഥാപിതമായ ടൗൺ ക്രിക്കറ്റ് ക്ലബ്ബ്.
* ഉത്തര കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് ബ്രണ്ണൻ കോളേജ്. തലശ്ശേരിയ്ക്കടുത്ത് ധർമടം എന്ന സ്ഥലത്ത് 1862-ൽ എഡ്വേർഡ് ബ്രണ്ണൻ സ്ഥാപിച്ച സ്കൂളാണ് 1890-ൽ കോളേജായി ഉയർന്നത്. 2004-ൽ കേരള സർക്കാർ ഈ കോളേജിന് സർവകലാശാലാ പദവി നൽകി.
* ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യ മലയാളി കണ്ണൂർ സ്വദേശിയായ സി.കെ. ലക്ഷ്മണൻ ആണ്. 1924-ൽ പാരീസ് ഒളിമ്പിക്സിൽ 110 മീ. ഹർഡിൽസിലാണ് പങ്കെടുത്തത്.

## സൂപ്പർലേറ്റീവുകൾ

* കേരളത്തിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ ഗ്രാമപഞ്ചായത്ത്- **വളപട്ടണം**
* കേരളത്തിലെ ഏറ്റവും നീളം കൂടിയ ബീച്ച് **-മുഴുപ്പിലങ്ങാട്**
* കേരളത്തിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ ഫോറസ്റ്റ് ഡിവിഷൻ- **ആറളം** (ഏറ്റവും കുറച്ച് റിസർവ് വനമുള്ള ഫോറസ്റ്റ് ഡിവിഷനും ആറളമാണ്)
* കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ വന്യജീവി സങ്കേതമാണ് ഇരിട്ടി താലൂക്കിലെ ആറളം.
* ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴുപ്പിലങ്ങാട്.
* കേരളത്തിലെ ഏറ്റവും വലിയ നാഗർകാവാണ് തെയ്യോട്ട്കാവ്.
* ഏഷ്യയിലെ ഏറ്റവും വലിയ നാവിക അക്കാദമിയാണ് ഏഴിമല നാവിക അക്കാദമി.

## അപരനാമങ്ങൾ/പഴയ പേരുകൾ

* മയ്യഴി ഗാന്ധി എന്നറിയപ്പെട്ടത്- **ഐ.കെ.കുമാരൻ മാസ്റ്റർ**
* രണ്ടാം ബർദോളിയെന്നറിയപ്പെട്ട സ്ഥലം- **പയ്യന്നൂർ** (കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിന്റെ പ്രധാന



കെ.കരുണാകരൻ



ഇ.കെ.നായനാർ



പിണറായി വിജയൻ



മുഴുപ്പിലങ്ങാട്

വേദിയായിരുന്നു)

* യൂറോപ്യൻമാരുടെ ഭരണകാലത്ത് ഇന്ത്യയിലെ ഇംഗ്ലീഷ് ചാനൽ എന്നറിയപ്പെട്ടത്- **മയ്യഴിപ്പുഴ** (യൂറോപ്പിൽ ഇംഗ്ലണ്ടിനെയും ഫ്രാൻസിനെയും വേർതിരിക്കുന്നത് ഇംഗ്ലീഷ് ചാനലാണ്. ഇപ്രകാരം, ഫ്രഞ്ചധീന പ്രദേശമായ മാഹിയെ ബ്രിട്ടീഷ് അധീനത്തിലുള്ള ഇന്ത്യൻ പ്രദേശങ്ങളുമായി മയ്യഴിപ്പുഴ വേർതിരച്ചിരുന്നതിനാലാണ് ആ പേരിൽ അറിയപ്പെട്ടത്).
* ബ്രാസ് പഗോഡ എന്നറിയപ്പെടുന്നത്- **തിരുവങ്ങാട് ശ്രീരാമക്ഷേത്രം**
* മൂന്ന് C കളുടെ നാട് (Circus, Cricket, Cakes) എന്നറിയപ്പെടുന്നത്- **തലശ്ശേരി**
* പ്രാചീന കാലത്തെ നൗറ തുറമുഖം കണ്ണൂരാണെന്ന് പല ചരിത്രകാരൻമാരും വിശ്വസിക്കുന്നു.
* വടക്കേ മലബാറിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത് തലശ്ശേരിയാണ്.
* ഉത്തര കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പാടുന്ന പടവാൾ എന്നറിയപ്പെട്ട വ്യക്തിയാണ് ടി.എസ്.തിരുമുമ്പ്.
* ഏഴിമല രാജവംശത്തിന്റെ രണ്ടാം തലസ്ഥാനം എന്നറിയപ്പെട്ടിരുന്ന സ്ഥലമാണ് പഴി. ഇപ്പോൾ ഈ സ്ഥലം പഴയങ്ങാടി എന്നറിയപ്പെടുന്നു.
* സർക്കസിന്റെ കളിത്തൊട്ടിൽ എന്നു വിശേഷിപ്പിക്കുന്നത് തലശ്ശേരിയെയാണ്.
* ഒരുകാലത്ത് പെരുംചെല്ലൂർ എന്നറിയപ്പെട്ടിരുന്നത് തളിപ്പറമ്പാണ്.
* ബ്രിട്ടിഷ് ഭരണകാലത്ത് കണ്ണൂരിന്റെ പേര് കാനനൂർ എന്നായിരുന്നു.
* തറിയുടെയും തിറയുടെയും നാട് എന്ന് വിളിക്കുന്നത് കണ്ണൂരിനെയാണ്.
* പണ്ട് വല്ലഭപട്ടണം എന്നറിയപ്പെട്ടിരുന്ന നഗരമാണ് വളപട്ടണം.
* കണ്ണൂർ സർവകലാശാലയുടെ പഴയ പേരാണ് മലബാർ സർവകലാശാല. തമസോമ ജ്യോതിർഗമയ (ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കണേ) എന്നാണ് ആപ്ത വാക്യം.
* സെന്റ് ആഞ്ചലോ കോട്ടയാണ് കണ്ണൂർ കോട്ട എന്നുമറിയപ്പെടുന്നത്.
* മുമ്പ് ധർമപട്ടണം എന്നറിയപ്പെട്ടിരുന്ന ധർമടം ഒരു ബുദ്ധമത കേന്ദ്രമായിരുന്നു.

## പ്രധാനപ്പെട്ട വസ്തുതകൾ

* കണ്ണൂർ സർവകലാശാലയുടെ ആസ്ഥാനം- **കണ്ണൂർ** (കണ്ണൂർ സർവകലാശാലയുടെ ആദ്യ പേര് മലബാർ സർവകലാശാല എന്നായിരുന്നു.)
* കണ്ണൂരിലെ സെന്റ് ആഞ്ജലോ കോട്ട നിർമിച്ചത്- **പോർച്ചുഗീസുകാർ**
* ധർമ്മടം തുരുത്ത് ഏതു നദിയിൽ- **അഞ്ചരക്കണ്ടി**
* തലശ്ശേരിക്കോട്ട നിർമിച്ചത്- **ബ്രിട്ടീഷുകാർ** (1708)
* കേരള ദിനേശ് ബീഡിയുടെ ആസ്ഥാനം - **കണ്ണൂർ**
* കണ്ണൂർ ജില്ലയിൽ എവിടെയാണ് നാവിക അക്കാദമി- **ഏഴിമല**
* മൂഷകവംശത്തിന്റെ തലസ്ഥാനം- **ഏഴിമല**
* തലശ്ശേരി-കണ്ണൂർ ദേശീയ പാതയിലാണ് മൊയ്തു പാലം.

## പ്രധാന വ്യക്തികൾ

* കോലത്തുനാട്ടിലെ രാജാവിന്റെ സ്ഥാനപ്പേര്- **കോലത്തിരി**
* ഏറ്റവും കൂടുതൽ പ്രാവശ്യം കേരള മുഖ്യമന്ത്രിയായത്- **കെ.കരുണാകരൻ** (1977, 1981, 1982, 1991).
* കെ.കരുണാകരന്റെ ആത്മകഥ- പതറാതെ മുന്നോട്ട്
* കേരളത്തിലെ സർക്കസിന്റെ ആചാര്യൻ എന്നറിയപ്പെടുന്നത്- **കീലേരി കുഞ്ഞിക്കണ്ണൻ** (ഇദ്ദേഹമാണ് മലബാർ സർക്കസ് സ്ഥാപിച്ചത്)
* പാവങ്ങളുടെ പടത്തലവൻ എന്നറിയപ്പെട്ടത്-



**എ.കെ.ഗോപാലൻ**

* സി.പി.ഐ.(എം) കേരള ഘടകത്തിന്റെ രണ്ടാമത്തെ സംസ്ഥാന സെക്രട്ടറി എ.കെ. ഗോപാലനായിരുന്നു (1968–69).
* കണ്ണൂരിലെ പാട്യം ഗ്രാമത്തിൽ ജനിച്ച സാമൂഹിക പരിഷ്കർത്താവ്- **വാഗ്ഭടാനന്ദൻ** (വയലേരി കുഞ്ഞിക്കണ്ണൻ)
* ഗാന്ധിജി ഇടപെട്ട് വധശിക്ഷ റദ്ദു ചെയ്യിപ്പിച്ച കേരളത്തിലെ നേതാവ്- **കെ.പി.ആർ. ഗോപാലൻ**
* സിംഗപ്പൂരിൽ പ്രസിഡന്റായ സി.വി.ദേവൻ നായരുടെ കുടുംബം തലശ്ശേരിയിലാണ്.
* ഇന്ത്യൻ വ്യോമസേനയിലെ ആദ്യത്തെ മലയാളി വൈമാനികനായിരുന്ന മൂർക്കോത്ത് രാമുണ്ണി തലശ്ശേരിക്കാരനായിരുന്നു.
* കെൽട്രോണിന്റെ ആദ്യ ചെയർമാനും മാനേജിങ് ഡയറക്ടറുമായിരുന്ന കണ്ണൂർ സ്വദേശിയാണ് കെ.പി.പി.നമ്പ്യാർ. കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സ്ഥാപക ചെയർമാനും ഇദ്ദേഹമായിരുന്നു.
* കപിൽദേവിന്റെ ടീം ഇന്ത്യക്ക് വേണ്ടി 1983–ൽ ക്രിക്കറ്റ് ലോകകപ്പ് നേടിയ വൺഡേ ടീമിൽ കണ്ണൂർക്കാരനായ സുനിൽ വാൽസൺ ഉണ്ടായിരുന്നു. എന്നാൽ, ഇദ്ദേഹം കളിക്കളത്തിലിറങ്ങുകയുണ്ടായില്ല.
* ചെണ്ട, തായമ്പക വിദ്വാനായ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ യഥാർഥ പേര് എം.പി.ശങ്കരമാരാർ എന്നാണ്.
* ഏഴോം പഞ്ചായത്തിലാണ് പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ കല്ലേൻ പൊക്കുടൻ ജനിച്ചത്.

**പ്രധാന സ്ഥലങ്ങൾ**

* പ്രശസ്തമായ പറശ്ശിനിക്കടവ് മുത്തപ്പൻക്ഷേത്രം വളപട്ടണം പുഴയുടെ തീരത്താണ്. മത്സ്യം, മാംസം, കള്ള് എന്നിവയാണ് നിവേദ്യം. ഇവിടെ പ്രത്യേക പരിഗണനയുള്ള മൃഗം നായയാണ്.
* കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ട സ്ഥലം- **പിണറായി**
* കൊട്ടിയൂർ ക്ഷേത്രം ഏത് നദിയുടെ തീരത്താണ്- **വളപട്ടണം പുഴ** (ഇവിടത്തെ ഉത്സവമാണ് വൈശാഖ മഹോത്സവം).
* അഴീക്കൽ തുറമുഖം ഏത് ജില്ലായിലാണ്- **കണ്ണൂർ**
* കണ്ണൂർ ജില്ലയിലെ ഏത് താലൂക്കിലാണ് പഴശ്ശി സമരങ്ങളുടെ വേദിയായിരുന്ന പുരളിമല- **തലശ്ശേരി**
* കണ്ണൂർ ജില്ലയിൽ ഡീസൽ വൈദ്യുത നിലയം സ്ഥാപിച്ചിരിക്കുന്ന സ്ഥലമാണ് നല്ലളം. ഇത് കേരളത്തിലെ രണ്ടാമത്തെയും (ആദ്യത്തേത് എറണാകുളത്തെ ബ്രഹ്മപുരം) മലബാറിലെയും ആദ്യത്തെ ഡീസൽ നിലയമാണ്.
* അളകാപുരി വെള്ളച്ചാട്ടം കണ്ണൂർ ജില്ലയിലാണ്.

**പ്രധാന സംഭവങ്ങൾ**

* ഫ്രഞ്ചുകാർ മയ്യഴി കടത്തനാട് രാജാവിൽനിന്ന് വാങ്ങിയ വർഷം–1721
* 1852–ൽ മലബാറിലെ ആദ്യത്തെ സ്കൂൾ ഇൻസ്പെക്ടറായി മദ്രാസ് സർക്കാർ നിയമിച്ചത് ഹെർമൻ ഗുണ്ടർട്ടിനെയാണ്.
* 1936–ൽ കണ്ണൂരിൽനിന്ന് മദ്രാസിലേക്ക് പട്ടിണിജാഥ നയിച്ചത് എ.കെ.ഗോപാലൻ ആണ്. ജാഥാംഗങ്ങളുടെ എണ്ണം 32.
* 1939–ൽ കമ്യൂണിസ്റ്റ് പാർട്ടി കേരള ഘടകം രൂപംകൊണ്ടത് പിണറായിയിലാണ്.
* 1946 ഡിസംബർ 20–ന് ജന്മിമാർക്കെതിരെ കർഷകർ കരിവെള്ളൂർ സമരം നടത്തിയത് കണ്ണൂർ ജില്ലയിലാണ്.

**പ്രധാന സ്ഥാപനങ്ങൾ**

* കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം കണ്ണൂരിലെ ചിറയ്ക്കൽ എന്ന സ്ഥലത്താണ്. ഈ മന്ദിരത്തിനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന പ്രതിമ ചെറുശ്ശേരിയുടേതാണ്.
* കേരളത്തിൽ കുരുമുളകു ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം- **പന്നിയൂർ**
* മലബാർ കാൻസർ സെന്റർ ഏത് ജില്ലയിലാണ്- **കണ്ണൂർ**
* കണ്ണൂർ സർവകലാശാലയുടെ ആസ്ഥാനം- **മങ്ങാട്ടുപറമ്പ്**
* സെൻട്രൽ സ്റ്റേറ്റ് ഫാം- **ആറളം**
* ക്ഷേത്രകലാ അക്കാദമി മാടായിക്കാവിലാണ്.
* വിസ്മയ തീം പാർക്ക് കണ്ണൂർ ജില്ലയിലാണ്.
* പറശ്ശിനിക്കടവ് സ്നേക് പാർക്ക് കണ്ണൂർ ജില്ലയിലാണ്.

**കുഴപ്പിക്കുന്ന വസ്തുതകൾ**

* വടക്കേമലബാറിലെ അനുഷ്ഠാന കലാരൂപമാണ് തെയ്യം. തെക്കേ മലബാറിൽ തിറയും.
* കണ്ണൂർ കോട്ട പണികഴിപ്പിച്ചത് പോർച്ചുഗീസുകാരാണ്. തലശ്ശേരി കോട്ട നിർമിച്ചത് ബ്രിട്ടിഷുകാരും.
* കണ്ണൂർ കോട്ട നിർമിച്ചത് പതിനാറാം നൂറ്റാണ്ടിലാണ്. തലശ്ശേരി കോട്ട പതിനെട്ടാം നൂറ്റാണ്ടിലും.
* പഴശ്ശി അണക്കെട്ട് കണ്ണൂർ ജില്ലയിലും പഴശ്ശി സ്മാരകം (മാനന്തവാടി) വയനാട് ജില്ലയിലുമാണ്.
* പഴശ്ശി രാജാ ആർക്കിയോളജിക്കൽ മ്യൂസിയം കോഴിക്കോട്ടാണ്. പഴശ്ശി രാജാ കോളേജ് വയനാട്ടിലെ പുൽപ്പള്ളിയിലാണ്.

* മലയാളത്തിലെ ആദ്യത്തെ പത്രം രാജ്യ സമാചാരമാണ് (1847). ഏറ്റവും പഴക്കമുള്ള പത്രം ദീപികയാണ് (1887).

**അപൂർവ വസ്തുതകൾ**

* കേരളത്തിലെ ഏക കന്റോൺമെന്റ് – **കണ്ണൂർ** (കേരള മുനിസിപ്പാലിറ്റീസ്/പഞ്ചായത്ത് ആക്ട് പ്രകാരമുള്ള അധികാര വികേന്ദ്രീകരണമോ ജനകീയാസൂത്രണമോ ഇവിടെ നടപ്പിലാക്കിയിട്ടില്ല)
* കേരള ചരിത്രത്തിലെ ഏക മുസ്ലിം രാജവംശം– **അറയ്ക്കൽ** (ഭരണാധികാരി പുരുഷനാണെങ്കിൽ ആലി രാജ എന്നും സ്ത്രീയാണെങ്കിൽ അറയ്ക്കൽ ബീവി എന്നും അറിയപ്പെടും).
* മൂഷകവംശത്തിന്റെ ആസ്ഥാനമായിരുന്നത്– **ഏഴിമല**
* കേരളത്തിലെ ഏക ഡ്രൈവ് ഇൻ ബീച്ചാണ് മുഴുപ്പിലങ്ങാട്.
* പന്നിയൂർ എന്ന പേരുമായി ബന്ധപ്പെട്ട കാർഷിക വിള– **കുരുമുളക്**
* കെന്ത്രോൻ പാട്ട് എന്ന അനുഷ്ഠാന കലാരൂപം പ്രചാരത്തിലുള്ള ജില്ലയാണ് കണ്ണൂർ.
* കണ്ണൂർ ജില്ലയിൽ മാത്രമുള്ള കലാരൂപമാണ് കോതാമൂരിയാട്ടം.
* കണ്ണൂർ ജില്ലയിലെ മനോഹരമായ ഒരു കടൽത്തീരമാണ് മീൻകുന്ന് കടപ്പുറം.
* പയ്യാമ്പലത്താണ് സുകുമാർ അഴീക്കോടിന്റെ അന്ത്യവിശ്രമം.
* കണ്ണൂർ ജില്ലയിൽ 2011–ൽ രൂപീകൃതമായ വന്യജീവി സങ്കേതമാണ് കൊട്ടിയൂർ.
* കോലത്തുനാട്ടിലെ വടക്കേ അറ്റത്തെ സ്ഥലമായിരുന്നു തലശ്ശേരി. മുകളിലെ അറ്റം എന്നർഥം വരുന്ന തലക്കത്തെ ചേരി എന്നായിരുന്നു തലശ്ശേരി അന്ന് അറിയപ്പെട്ടിരുന്നത്. തലക്കത്തെ ചേരി ലോപിച്ച് തലശ്ശേരിയായി.
* ബ്രിട്ടീഷ് ഭരണകാലത്ത് ഉച്ചരിക്കാനുള്ള സൗകര്യത്തിനായി തലശ്ശേരി എന്ന പേര് ടെലിചേരി എന്നാക്കി.
* തലശ്ശേരി ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയിലെ കോട്ടയം താലൂക്കിന്റെ ആസ്ഥാനമായിരുന്നു. ബ്രിട്ടീഷുകാർ തലശ്ശേരിയിൽ ഒരു ജില്ലാ നീതിന്യായ കോടതിയും സ്ഥാപിച്ചു. ഈ കോടതിയുടെ അധികാര പരിധി മൈസൂർ രാജ്യം വരെ വ്യാപിച്ചിരുന്നു.
* ദിവസവും തെയ്യം വഴിപാടായി നടത്തുന്ന കേരളത്തിലെ ഏക ക്ഷേത്രമാണ് പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം. കളിയാട്ടം എന്നും അറിയപ്പെടുന്ന അനുഷ്ഠാന നൃത്തമാണിത്.
* കണ്ണൂർ ജില്ലാ ആസ്ഥാനത്തുനിന്ന് 29 കിലോമീറ്റർ അകലെ ന്യൂമാഹിയിലാണ് മലയാള കലാഗ്രാമം. ചെന്നൈയിലെ വ്യവസായിയും ന്യൂമാഹിക്കടുത്തുള്ള ചൊക്ലി സ്വദേശിയുമായ എ.പി.കുഞ്ഞിക്കണ്ണനാണ് മലയാള കലാഗ്രാമത്തിന്റെ സ്ഥാപകൻ (1993).
* പെരളശ്ശേരി തൂക്കുപാലം നിർമിച്ചിരിക്കുന്നത് അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെയാണ്.
* കണ്ണൂർ ജില്ലയിൽ മാപ്പിള ബേ തുറമുഖത്തിന്റെ നിർമാണത്തിന് സഹകരിക്കുന്ന രാജ്യം നോർവേയാണ്. കോലത്തിരിമാരുടെ കാലത്ത് ഒരു പ്രധാന വാണിജ്യ തുറമുഖമായിരുന്നു മാപ്പിള ബേ. അറയ്ക്കൽ രാജ്യം ഇതിനു സമീപത്തായിരുന്നു.
* പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമൻ നിർമിച്ച അമ്മയും കുഞ്ഞും ശിൽപം പയ്യാമ്പലം കടപ്പുറത്താണ് സ്ഥാപിച്ചിരിക്കുന്നത്.
* പഴശ്ശി അണക്കെട്ട് സ്ഥാപിച്ചിരിക്കുന്നത് വളപട്ടണം പുഴയ്ക്ക് കുറുകെയാണ്.
* കോലത്തിരിമാരുടെ കുടുംബക്ഷേത്രമാണ് തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം. ശിവന് സമർപ്പിച്ചിരിക്കുന്ന ഈ ക്ഷേത്രത്തിൽ കൊടിമരമില്ല എന്ന പ്രത്യേകതയുണ്ട്.
* ഗാന്ധിജി 1934–ൽ പയ്യന്നൂരിൽ സ്വാമി ആനന്ദതീർഥന്റെ വിദ്യാലയം സന്ദർശിച്ചപ്പോൾ നട്ട വൃക്ഷത്തെ ആണ് ഗാന്ധിമാവ് എന്നറിയപ്പെടുന്നത്.
* ജസ്റ്റിസ് (റിട്ട.) വി.ആർ.കൃഷ്ണയ്യരുടെ (1915–2014) വീട്ടുപേരാണ് സദ്ഗമയ. അനേക ലോകങ്ങളിലെ അലച്ചിൽ (വാണ്ടറിങ് ഇൻ മെനി വേൾഡ്സ്) ആണ് ആത്മകഥ.
* ആറളം വന്യജീവി സങ്കേതത്തിന് സമീപം ഒഴുകുന്ന പുഴയാണ് ചീങ്കണ്ണിപ്പുഴ.
* ധർമടം വില്ലേജിലാണ് പ്രശസ്തമായ ആണ്ടല്ലൂർകാവ്.

## കേരള ചരിത്രവും വർഷങ്ങളും–8

# ടിപ്പുവിന്റെ പിൻമാറ്റവും ശ്രീരംഗപട്ടണം ഉടമ്പടിയും





## രാജാ കേശവദാസൻ തിരുവിതാംകൂർ ദിവാൻ

1789 – രാജാ കേശവദാസൻ തിരുവിതാംകൂർ ദിവാൻ. ദിവാൻ എന്നറിയപ്പെട്ട തിരുവിതാംകൂറിലെ ആദ്യ ഭരണാധികാരിയാണിദ്ദേഹം. മോർണിങ്ടൺ പ്രഭു 'രാജാ' ബഹുമതി നൽകിയപ്പോൾ അത് സ്വീകരിച്ച് വിനയപൂർവം തൻെറ പേരിനൊപ്പം 'ദാസൻ' എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആലപ്പുഴയെ തുറമുഖപ്പട്ടണമായി വികസിപ്പിച്ചതും തിരുവനന്തപുരത്ത് ചാലക്കമ്പോളം സ്ഥാപിച്ചതും രാജാ കേശവദാസനാണ്.

– ടിപ്പുവിന്റെ സൈന്യത്തിനു വടക്കുനിന്ന് തിരുവിതാംകൂറിലേക്ക് കടക്കാൻ ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ. ഡച്ചുകാരുടെ വക അഴിക്കോട്ടയിലും കൊടുങ്ങല്ലൂർ കോട്ടയിലുംകൂടെ ആയിരുന്നു അത്. അതിനാൽ ഒരു കരുതൽ നടപടിയെന്നോണം ധർമരാജാവിന്റെ കൽപന പ്രകാരം ദിവാൻ കേശവദാസൻ ആ രണ്ടു കോട്ടകളും തിരുവിതാംകൂറിലേക്ക് വിലയ്ക്ക് വാങ്ങി (ജൂലായ് 31)

– താമരശ്ശേരി ചുരം വഴി ടിപ്പുവും സൈന്യവും മലബാറിലേക്ക് കടന്നു.

– ഡിസംബർ 22ന് ടിപ്പു തിരുവിതാംകൂറിനെതിരെ പടനീക്കം നടത്തി. നെടുങ്കോട്ട ആക്രമണത്തിൽ ടിപ്പുവിനു പരിക്കുപറ്റി (ഡിസംബർ 29).

– 1550 മുതൽ തിരുവിതാംകൂർ രാജാക്കൻമാരുടെ ഭരണകേന്ദ്രമായിരുന്ന കൽക്കുളത്തുനിന്ന് (പത്മനാഭപുരം എന്ന പേര് നൽകിയത് മാർത്താണ്ഡവർമയാണ്) ആസ്ഥാനം തിരുവനന്തപുരത്തേക്കു മാറ്റി.

## ടിപ്പുവിൻെറ സൈന്യം പിൻവാങ്ങുന്നു

1790 – ടിപ്പുവിൻെറ സൈന്യം നെടുങ്കോട്ടയുടെ ഒരു ഭാഗം പൊളിച്ചു (ഏപ്രിൽ). 1790 ഏപ്രിൽ 15ന് നെടുങ്കോട്ട തകർത്ത് ആലുവവരെ ടിപ്പു എത്തി. പെരിയാറിന്റെ തീരത്ത് തമ്പടിച്ച മൈസൂർ സൈന്യത്തിന് അപ്രതീക്ഷിതമായി ഉണ്ടായ വെള്ളപ്പൊക്കത്തിൽ സാരമായ നാശനഷ്ടം സംഭവിച്ചു. വേനൽക്കാലത്ത് വെള്ളംവറ്റി തെളിഞ്ഞുകിടന്ന മണൽപ്പുറത്ത് കൂടാരം അടിച്ചുകിടന്ന മൈസൂർ പട്ടാളത്തിന്റെ നേർക്ക് ആറ്റിന്റെ മേൽഭാഗത്ത് കെട്ടിയിരുന്ന അണക്കെട്ട് അർധരാത്രിക്ക് വെട്ടിമുറിച്ച് പെരുവെള്ളം പായിച്ച് കടലിലേക്ക് ഒഴുക്കുകയായിരുന്നു തിരുവിതാംകൂർ സൈന്യം ചെയ്തത്. തിരുവിതാംകൂറുമായി സഖ്യത്തിലായിരുന്ന ഇംഗ്ലീഷുകാർ ഇതേസമയത്തുതന്നെ തന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണം ആക്രമിച്ചതറിഞ്ഞ് ടിപ്പു പിൻതിരിഞ്ഞു.

## ശക്തൻ തമ്പുരാൻ കൊച്ചി രാജാവ്

1790 – ശക്തൻ തമ്പുരാൻ കൊച്ചിയിൽ രാജാവായി (ആഗസ്ത് 15). 1769 മുതൽ അദ്ദേഹം രാജ്യകാര്യാന്വേഷണങ്ങളിൽ പ്രവേശിച്ചിരുന്നു. 'ആധുനിക കൊച്ചിയുടെ സൃഷ്ടാവാ'യി വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹമാണ് തൃശ്ശൂർ പൂരം ആരംഭിച്ചത്. കൊച്ചിയിലെ ഭരണസമ്പ്രദായത്തെ ഉടച്ചുവാർത്ത് ആധുനികീകരിച്ച അദ്ദേഹത്തെ 'കൊച്ചിയിലെ മാർത്താണ്ഡവർമ' എന്നും ചരിത്രകാരൻമാർ വിളിക്കുന്നു.

## കൊച്ചി ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിക്കുന്നു

1791 – കൊച്ചിയിലെ ശക്തൻ തമ്പുരാൻ ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ഉടമ്പടിപ്രകാരം അവരുടെ മേൽക്കോയ്മ അംഗീകരിച്ചു (ജനുവരി 6). 1791 ഫിബ്രവരി രണ്ടിന് മദ്രാസ് കൗൺസിൽ ഉടമ്പടി അംഗീകരിച്ചു. ഇപ്രകാരം ബ്രിട്ടീഷുകാരുമായി സഖ്യത്തിലായ ഇരുപതാമത്തെ നാട്ടുരാജ്യമായിരുന്നു കൊച്ചി.

## ശ്രീരംഗപട്ടണം ഉടമ്പടി

1792 – ടിപ്പു സുൽത്താനും ബ്രിട്ടീഷുകാരും ശ്രീരംഗപട്ടണം ഉടമ്പടിയിൽ ഒപ്പുവെച്ചു (ഫിബ്രവരി 24). ഇതിലൂടെ ടിപ്പുവിൻെറ അധീനതയിലായിരുന്ന മലബാർ പ്രദേശം ബ്രിട്ടീഷുകാർക്കു ലഭിച്ചു. 1790–ൽത്തന്നെ മലബാർ മുഴുവനും ബ്രിട്ടീഷുകാരുടെ കൈവശമായിക്കഴിഞ്ഞിരുന്നു. 1766 മുതൽ 1790വരെയാണ് മലബാർ പ്രദേശം മൈസൂറിന്റെ അധീനതയിലായിരുന്നത്.

23 ആധുനിക ഇന്ത്യ



# ദ്വിരാഷ്ട്ര സിദ്ധാന്തവും ലാഹോർ പ്രമേയവും

**1930–ൽ അലഹബാദിൽചേർന്ന മുസ്ലിംലീഗിന്റെ വാർഷിക സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തിയ പ്രശസ്ത കവിയും സാരേ ജഹാംസേ അച്ഛാ എന്ന ദേശഭക്തി ഗാനത്തിന്റെ രചയിതാവുമായ മുഹമ്മദ് ഇക്ബാൽ മുസ്ലിങ്ങൾക്ക് ഒരു പ്രത്യേക രാഷ്ട്രം എന്ന ആശയം മുന്നോട്ടുവച്ചു. കേംബ്രിഡ്ജ് വിദ്യാർഥിയായിരുന്ന റഹ്മത്ത് അലി ഇങ്ങനെ വിഭാവനം ചെയ്ത രാഷ്ട്രത്തിന് പഞ്ചാബ്,സിന്ധ്,ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറൻ സംസ്ഥാനം എന്നീ പേരുകളിലെ അക്ഷരങ്ങൾ ഉപയോഗിച്ച് പാകിസ്താൻ എന്ന പേരും നിർദേശിച്ചു. ബ്രിട്ടീഷ് ഇന്ത്യയെ വിഭജിക്കണമെന്ന് ദ്വിരാഷ്ട്ര സിദ്ധാന്തത്തിലൂടെ ആദ്യമായി ആവശ്യപ്പെട്ടത് മുഹമ്മദലി ജിന്നയാണ്.**

## ജിന്നയുടെ ദ്വിരാഷ്ട്ര സിദ്ധാന്തം (1940)

കോൺഗ്രസ് സംഘടനയിലെ ചില പ്രവണതകളിൽ അസന്തുഷ്ടനായ മുഹമ്മദലി ജിന്ന കോൺഗ്രസ്‌വിട്ട് മുസ്ലിം ലീഗിൽ ചേരുകയുണ്ടായി. ഇതുമൂലം മുസ്ലിം ലീഗിന്റെ പ്രവർത്തനത്തിൽ ഒരു പുതിയ ഉണർവുണ്ടാക്കി. 1930–ൽ അലഹബാദിൽചേർന്ന മുസ്ലിം ലീഗിന്റെ വാർഷിക സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തിയ പ്രശസ്ത കവിയും



സാരേ ജഹാംസേ അച്ഛാ എന്ന ദേശഭക്തി ഗാനത്തിന്റെ രചയിതാവുമായ മുഹമ്മദ് ഇക്ബാൽ മുസ്ലിങ്ങൾക്ക് ഒരു പ്രത്യേക രാഷ്ട്രം എന്ന ആശയം മുന്നോട്ടുവച്ചു. കേംബ്രിഡ്ജ് വിദ്യാർഥിയായിരുന്ന റഹ്മത്ത് അലി ഇങ്ങനെ വിഭാവനം ചെയ്ത രാഷ്ട്രത്തിന് പഞ്ചാബ്,സിന്ധ്,ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറൻ സംസ്ഥാനം എന്നീ പേരുകളിലെ അക്ഷരങ്ങൾ ഉപയോഗിച്ച് പാകിസ്താൻ എന്ന പേരും നിർദ്ദേശിച്ചു. ബ്രിട്ടീഷ് ഇന്ത്യയെ വിഭജിക്കണമെന്ന് ദ്വിരാഷ്ട്ര സിദ്ധാന്തത്തിലൂടെ ആദ്യമായി ആവശ്യപ്പെട്ടത് മുഹമ്മദലി ജിന്നയാണ്. അതിനുവേണ്ടി മുസ്ലിം ബഹുജനങ്ങളുടെ ഇടയിൽ ശക്തമായ പ്രചാരം അഴിച്ചുവിട്ടു. കോൺഗ്രസ് മന്ത്രിസഭകൾ മുസ്ലിങ്ങളുടെ പേരിൽ അക്രമങ്ങൾ നടത്തുന്നു എന്ന ആക്ഷേപവും ലീഗുകാർ ഇടതടവില്ലാതെ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഇതിനനുബന്ധമായി കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചപ്പോൾ ലീഗിന്റെ ആഹ്വാന പ്രകാരം ഇന്ത്യയൊട്ടാകെ മുസ്ലിങ്ങൾ വിമോചനദിനം കൊണ്ടാടുകയും ചെയ്തു.

1906–ലെ കോൺഗ്രസ് സമ്മേളനത്തിൽ ദാദാഭായ് നവ്റോജിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയും 1908–ൽ രാജ്യദ്രോഹ ക്കേസിൽ ബാലഗംഗാധരതിലകനുവേണ്ടി വാദിക്കുകയും ചെയ്ത മുഹമ്മദലി ജിന്നയെന്ന അഭിഭാഷകനെ 'ഹിന്ദു–മുസ്ലിം മൈത്രിയുടെ പ്രതിപുരുഷൻ' എന്നാണ് സരോജിനി നായിഡു ഒരവസരത്തിൽ വിശേഷിപ്പിച്ചത്. കാലാന്തരത്തിൽ ആ വ്യക്തി വിഭജന വാദത്തിന്റെ വിധാതാവ് ആകുന്നതിനും ചരിത്രം മൂകസാക്ഷിയായി.

## മുസ്ലിം ലീഗിന്റെ ലാഹോർ പ്രമേയം (1940)

1940 മാർച്ച് 22 മുതൽ 24 വരെ ലാഹോറിൽ വെച്ചുകൂടിയ മുസ്ലിലീഗിന്റെ വാർഷികസമ്മേളനം വടക്കുപടിഞ്ഞാറും വടക്കുകിഴക്കും മുസ്ലിം ഭൂരിപക്ഷ സംസ്ഥാനങ്ങളെ ഒരുമിച്ച് ചേർത്ത് ഇന്ത്യൻ മുസ്ലിങ്ങൾക്ക് അവരുടേതായ സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്ന പ്രമേയം പാസാക്കി. സിക്കന്ദർ ഹയാത്ത് ഖാൻ തയ്യാറാക്കിയ പ്രമേയം അവതരിപ്പിച്ചത് ബംഗാളിലെ മുസ്ലിംലീഗ് നേതാവും അവിഭക്ത ബംഗാൾ മുഖ്യമന്ത്രിയുമായ എ.കെ. ഫസ്‌ലുൽ ഹക്ക് ആണ്. ചൗധരി ഖാലിഖ് സമൻ പ്രമേയത്തെ പിന്താങ്ങി. പിന്നീട്, വടക്കു പടിഞ്ഞാറൻ പ്രവിശ്യ, പഞ്ചാബ്, ബലൂചിസ്ഥാൻ, സിന്ധ്, ബംഗാൾ എന്നീ മുസ്ലിം ഭൂരിപക്ഷ സംസ്ഥാനങ്ങൾ ചേർത്ത് പാകിസ്താൻ എന്ന പേരിൽ ഒരു ഇസ്ലാമിക രാഷ്ട്രം രൂപവത്കരിക്കേണ്ടതാണെന്ന ആവശ്യം മുസ്ലിംലീഗ് ഉന്നയിച്ചു. കോൺഗ്രസ് അടക്കമുള്ള രാഷ്ട്രീയ കക്ഷികൾ ലീഗിന്റെ പാകിസ്താൻ വാദത്തെ എതിർത്തു. ഹിന്ദുമഹാസഭ നേതാവ് സവാർക്കറും അതിർത്തി ഗാന്ധി ഖാൻ അബ്ദുൾ ഗഫാർ ഖാനും വിഭജന നിർദ്ദേശം തള്ളിക്കളഞ്ഞു. എന്നാൽ, ബ്രിട്ടീഷ് സാമ്രാജ്യവാദികളെ ഈ പ്രമേയം സന്തുഷ്ടരാക്കിത്തീർത്തു. കോൺഗ്രസും ലീഗും തമ്മിൽ യോജിക്കാതെ ഇവിടുന്നങ്ങോട്ട് ഇന്ത്യൻ രാഷ്ട്രീയ പ്രശ്നത്തിന് ഒരു പരിഹാരം അസാധ്യമാണെന്ന കർക്കശമായ നിലപാടാണ് ബ്രിട്ടീഷുകാർ കൈക്കൊണ്ടത്.

പാകിസ്താൻ പ്രമേയം പാസാക്കിയ മാർച്ച് 23 ആണ് പിൽക്കാലത്ത് പാകിസ്താൻ അതിന്റെ റിപ്പബ്ലിക് ദിനമായി തിരഞ്ഞെടുത്തത് (1956). ലാഹോറിലെ ഇക്ബാൽ പാർക്കിൽ പാകിസ്താൻ പ്രമേയത്തിന്റെ സ്മരണയ്ക്കായി 62 മീറ്റർ ഉയരമുള്ള മിനാർ–ഇ–പാകിസ്താൻ എന്ന ഗോപുരം നിർമിക്കുകയുണ്ടായി (1968).

## ഓഗസ്റ്റ് ഓഫർ (1940)

1940 മെയ്മാസത്തിൽ ബ്രിട്ടണിൽ സർ വിൻസ്റ്റൺ ചർച്ചിലിന്റെ നേതൃത്വത്തിൽ ഒരു ദേശീയ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഫ്രാൻസിന്റെ വീഴ്ച, കോൺഗ്രസിന്റെ മനോഭാവത്തിൽ മാറ്റം വരുത്തി. നാസികളുടെ കൈയേറ്റം ബ്രിട്ടന്റെ പടിവാതിൽക്കൽ എത്തിനിൽക്കുന്നത് ആസന്നമായ ഒരു അപകടാവസ്ഥയെ സൂചിപ്പിച്ചു. യുദ്ധം ഒരു വഴിത്തിരിവിലെത്തിനിൽക്കുന്ന അവസരത്തിൽ, ഇന്ത്യയിൽ ഒരു ഇടക്കാല സർക്കാർ രൂപവത്കരിച്ച് അധികാരം കൈമാറാൻ ബ്രിട്ടൺ തയ്യാറാകുന്നപക്ഷം യുദ്ധയത്നങ്ങളിൽ സഹകരിക്കാമെന്ന നിലപാട് കോൺഗ്രസ് മുന്നോട്ടുവച്ചു. വൈസ്രോയി ലിൻലിത്ഗോ പ്രഭു 1940 ഓഗസ്റ്റ് എട്ടിന് നടത്തിയ ഒരു പ്രസ്താവനയിലൂടെയാണ് ഗവൺമെന്റ് അതിനോട് പ്രതികരിച്ചത്. ഓഗസ്റ്റ് ഓഫർ എന്നറിയപ്പെടുന്ന ഈ പ്രസ്താവനയിലെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു.

വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കൂടുതൽ ഇന്ത്യക്കാരെ ഉൾപ്പെടുത്തി വിപുലീകരിക്കും.

ഒരു വാർ അഡ്വൈസറി കൗൺസിൽ രൂപവത്കരിക്കുകയും ന്യൂനപക്ഷ അഭിപ്രായങ്ങൾക്ക് മതിയായ പരിഗണന നൽകുകയും ചെയ്യും.

യുദ്ധാനന്തരം, ഇന്ത്യക്കാർക്ക് സ്വന്തമായി ഭരണഘടന തയ്യാറാക്കുന്നതിനുള്ള അവകാശം നൽകും.

1940 ഓഗസ്റ്റ് 21–ന് വാർധയിൽ കൂടിയ കോൺഗ്രസ് വർക്കിങ് കമ്മിറ്റി യോഗം ഈ വാഗ്ദാനത്തെ തള്ളിക്കളയുകയും സാമ്രാജ്യ ശക്തിയിൽനിന്ന് പൂർണമായ സ്വാതന്ത്ര്യം ആവശ്യപ്പെടുകയും ചെയ്തു. ഓഗസ്റ്റ് ഓഫർ മുസ്ലീം ലീഗും നിരാകരിച്ചു. ഇന്ത്യാ വിഭജനത്തിൽകുറഞ്ഞ ഒന്നുകൊണ്ടും തൃപ്തിപ്പെടില്ലെന്ന നിലപാടിൽ അത് ഉറച്ചുനിന്നു.

# ലോകരാജ്യങ്ങൾ



## മഡഗാസ്കർ

* ഗ്രാമ്പുവിന്റെ ദ്വീപ് എന്നറിയപ്പെടുന്ന മഡഗാസ്കർ ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും വിസ്തീർണം കൂടിയ ദ്വീപാണ്.




* മലഗാസി റിപ്പബ്ലിക് എന്നാണ് പഴയ പേര്. 1960–ൽ ഫ്രാൻസിൽനിന്ന് സ്വാതന്ത്ര്യം നേടി.
* അപൂർവ ജൈവ വൈവിധ്യം ഉൾക്കൊള്ളുന്ന മഡഗാസ്കറിനെ എട്ടാമത്തെ വൻകര എന്ന് വിളിക്കുന്നു. മഡഗാസ്കറിലെ സസ്യജാലങ്ങളും ജന്തുജാലങ്ങളും ലോകത്തിലെ ഇതര ഭാഗങ്ങളിൽനിന്ന് വ്യത്യസ്തമാണ്.
* ആഫ്രിക്കൻ മെയിൻലാൻഡിനെയും മഡഗാസ്കറിനെയും വേർതിരിക്കുന്നത് മൊസാംബിക് ചാനലാണ്.
* ലോകത്തിലെ ദ്വീപുകളിൽ മഡഗാസ്കറിന് വിസ്തീർണത്തിൽ നാലാം സ്ഥാനമാണ്.
* മഡഗാസ്കറിലെ കറൻസി ദശാംശ സമ്പ്രദായം അടിസ്ഥാനമാക്കിയുള്ളതല്ല.
* വിഷപ്പാമ്പുകളില്ലാത്ത ദ്വീപാണ് മഡഗാസ്കർ.
* ഭൂമിയിൽ ജീവിച്ചിരുന്ന ഏറ്റവും വലിയ പക്ഷിയായിരുന്ന ആനപ്പക്ഷിയുടെ സ്വദേശം മഡഗാസ്കറായിരുന്നു.
* മഡഗാസ്കറിൽമാത്രം കണ്ടുവരുന്ന പ്രൈമേറ്റ് വിഭാഗത്തിൽപ്പെടുന്ന ജന്തുവാണ് ലീമർ (Lemur).

## പാനമ

* സെൻട്രൽ അമേരിക്കയിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്ന രാജ്യമാണ് പാനമ.
* പനാമസിറ്റിയാണ് പനാമയുടെ തലസ്ഥാനം.
* സെൻട്രൽ അമേരിക്കയിലെ ഏറ്റവും വലിയ സാമ്പത്തിക വ്യവസ്ഥയുള്ള രാജ്യം പാനമയാണ്.
* കനാലുകളുടെയും തൊപ്പികളുടെയും നാട് എന്നറിയപ്പെടുന്നത് പാനമയാണ്.




* സ്പാനിഷാണ് പാനമയിലെ ഔദ്യോഗിക ഭാഷ.
* യുണിറ്ററി പ്രസിഡൻഷ്യൽ കോൺസ്റ്റിറ്റ്യൂഷണൽ റിപ്പബ്ലിക്കായ പാനമയുടെ നിയമനിർമാണസഭയുടെ പേര് നാഷണൽ അസംബ്ലി എന്നാണ്.
* ബൽബോവ, യുഎസ് ഡോളർ എന്നിവയാണ് പാനമയിലെ നാണയങ്ങൾ.
* ക്രിസ്തുമതമാണ് ഏറ്റവും വലിയ മതം.
* സ്പെയിനിൽനിന്ന് 1821–ലാണ് പാനമ സ്വതന്ത്രമായത്.
* മെസ്റ്റിസോയാണ് പാനമയിലെ ഏറ്റവും വലിയ ജനവിഭാഗം (70%).
* അത്‌ലാന്റിക് സമുദ്രത്തെയും പസഫിക് സമുദ്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാനമ കനാലിന്റെ നീളം 77.1 കിലോമീറ്ററാണ്.
* ഫെർഡിനാന്റ് ലെസപ്സ് എന്ന ഫ്രഞ്ച് എഞ്ചിനീയറാണ് പാനമ കനാലിന്റെ ആർക്കിടെക്ട്.
* ലോകത്തിലെ ഏറ്റവും തിരക്കുള്ള കപ്പൽ കനാലാണ് പാനമ കനാൽ.

## നമീബിയ

* തെക്കൻ ആഫ്രിക്കൻ രാജ്യമായ നമീബി യ, അത്‌ലാന്റിക് സമുദ്രവുമായി അതിർത്തി പങ്കിടുന്നു.
* രാജ്യത്തെ ഏറ്റവും വലിയ നഗരമായ വിന്‍ഡോക്കാണ് തലസ്ഥാനം.
* നമീബിയയിലെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷാണ്.
* യൂണിറ്ററി പ്രസിഡൻഷ്യൽ റിപ്പബ്ലിക്കായ നമീബിയയുടെ പാർലമെന്റിന് നാഷണൽ അസംബ്ലി, നാഷണൽ കൗൺസിൽ എന്നിങ്ങനെ രണ്ടു സഭകളുണ്ട്.
* ദക്ഷിണാഫ്രിക്കയിൽനിന്ന് നമീബിയ സ്വതന്ത്രമായത് 1990–ലാണ്.
* നമീബിയൻ ഡോളറാണ് രാജ്യത്തെ നാണയം.
* നമീബ്, കലഹാരി എന്നീ മരുഭൂമികൾക്കിടയിലാണ് നമീബിയയുടെ സ്ഥാനം.
* ക്രിസ്തുമതമാണ് നമീബിയയിലെ പ്രധാനമതം.
* പരിസ്ഥിതി സംരക്ഷണം ഭരണഘടനയിൽ ഉൾപ്പെടുത്തിയ ആദ്യത്തെ ആഫ്രിക്കൻ രാജ്യമാണ് നമീബിയ.
* ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ ആഫ്രിക്കൻ രാജ്യമാണ് നമീബിയ. ഇന്ത്യയാണ് ഇതിന് ആവശ്യമായ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ നൽകിയത്.
* നമീബിയയെയും ദക്ഷിണാഫ്രിക്കയെയും വേർതിരിക്കുന്ന അതിർത്തി രേഖയാണ് ഓറഞ്ച് ലൈൻ.
* നമീബിയയുടെ വിമോചനത്തിന് പോരാടിയ സംഘടനയാണ് സാപോ (സൗത്ത് വെസ്റ്റ് ആഫ്രിക്ക പീപ്പിൾസ് ഓർഗനൈസേഷൻ).




## ഒമാൻ

* തെക്കുപടിഞ്ഞാറൻ ഏഷ്യയിലെ ഒരു രാജ്യമായ ഒമാൻ അറേബ്യൻ ഉപദ്വീപിന്റെ തെക്കുകിഴക്കൻ തീരത്താണ് സ്ഥിതിചെയ്യുന്നത്. സൗദി അറേബ്യ, യു.എ.ഇ.,യെമൻ എന്നിവയാണ് ഒമാന്റെ അയൽ രാജ്യങ്ങൾ.
* ബി.സി.563–ൽ ഒമാൻ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായി. എ.ഡി.ഏഴാം നൂറ്റാണ്ടിൽ ഇവിടെ ഇസ്ലാം മതം വ്യാപകമായി. പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഒമാനി സുൽത്താനേറ്റ് ശക്തമായ സാമ്രാജ്യമായിത്തീർന്നു. ഇരുപതാം നൂറ്റാണ്ടോടെ അതിന്റെ ശക്തി ക്ഷയിക്കുകയും ബ്രിട്ടന്റെ സ്വാധീനം ശക്തമാകുകയും ചെയ്തു. 1951–ൽ ബ്രിട്ടൺ ഒമാന്റെ പൂർണ സ്വാതന്ത്ര്യം അംഗീകരിച്ചു. 1996–ലാണ് രാജ്യത്തെ ആദ്യ ലിഖിത ഭരണഘടന നിലവിൽവന്നത്.
* ഒമാന്റെ തലസ്ഥാനം മസ്കറ്റാണ്. അറബിയാണ് ഔദ്യോഗിക ഭാഷ.
* രാജഭരണം നിലനിൽക്കുന്ന യൂണിറ്ററി ഇസ്ലാമിക രാഷ്ട്രമായ മസ്കറ്റിന് ദ്വിമണ്ഡല പാർലമെന്റാണുള്ളത്. പാർലമെന്റിന് പരിമിത നിയമനിർമാണാധികാരങ്ങൾ




ഉണ്ടെന്നതൊഴിച്ചാൽ സുൽത്താനാണ് രാജ്യത്തിന്റെ പരമാധികാരി.
* റിയാൽ ആണ് ഒമാന്റെ നാണയം.ജനസംഖ്യയുടെ 75 ശതമാനത്തോളം ഇസ്ലാംമത വിശ്വാസികളാണ്. 2003–ലാണ് സാർവത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ആദ്യ തിരഞ്ഞെടുപ്പ് നടന്നത്.
* പെട്രോളിയവും പ്രകൃതിവാതകവുമാണ് ഒമാന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ. ഈ രാജ്യം കരകൗശല വസ്തുക്കൾക്കും ഈന്തപ്പഴത്തിനും പ്രസിദ്ധമാണ്.
* പൗരാണിക കാലത്തെ മാഗൻ സംസ്കാരം ഇപ്പോഴത്തെ ഒമാന്റെ ഒരു ഭാഗത്താണ് നിലനിന്നിരുന്നത് എന്ന് കരുതപ്പെടുന്നു.

# 1 മഹദ്‌വചനങ്ങൾ



* ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഗവൺമെന്റ് ഭൂമുഖത്തുനിന്ന് ഒരിക്കലും മാഞ്ഞുപോകില്ല ("Government of the people, by the people, for the people shall not perish from the earth" )– എബ്രഹാം ലിങ്കൺ (1863 നവംബർ 19–ന് നടത്തിയ ഗെറ്റിസ്ബർഗ് പ്രസംഗത്തിന്റെ ഭാഗമായ ഈ വാക്കുകളാണ് ജനാധിപത്യത്തിന്റെ നിർവചനമായി ലോകമെമ്പാടും ഉദ്ധരിക്കപ്പെടുന്നത്).
* ഒരു അടിമയായിരിക്കാൻ എനിക്കിഷ്ടമില്ലാത്തതു പോലെതന്നെ ഒരു യജമാനനായിരിക്കാനും ഞാൻ ഇഷ്ടപ്പെടുന്നില്ല ( "Just as I would not like to be a slave, so I would not like to be a master")– എബ്രഹാം ലിങ്കൺ
* 'വെടിയുണ്ടയെക്കാൾ ശക്തിയുള്ളതാണ് ബാലറ്റ്' ("Ballot is stronger than bullet')– എബ്രഹാം ലിങ്കൺ
* കുറച്ചുപേരെ എല്ലാക്കാലവും വിഡ്ഢികളാക്കാം, എല്ലാവരേയും കുറച്ചുകാലത്തേക്ക് വിഡ്ഢികളാക്കാം, എല്ലാവരേയും എല്ലാക്കാലത്തും വിഡ്ഢികളാക്കാൻ ആർക്കും കഴിയില്ല (You can fool some people sometimes, But you can't fool all the people all the time.)– എബ്രഹാം ലിങ്കൺ
* ഒരു ശത്രുവിനെ ഇല്ലാതാക്കാനുള്ള ഏറ്റവും നല്ല വഴി അയാളെ സുഹൃത്താക്കുക എന്നതാണ് ("The best way to destroy an enemy is to make him a friend." )– എബ്രഹാം ലിങ്കൺ
* സഹായിക്കാൻ മനസ്സുള്ളയാളിനാണ് വിമർശിക്കാൻ അവകാശമുള്ളത് (He has a right to criticize, who has a heart to help)– എബ്രഹാം ലിങ്കൺ
* അധികാരം ദുഷിപ്പിക്കും, പരിപൂർണമായ അധികാരം പരിപൂർണമായി ദുഷിപ്പിക്കും ("Power tends to corrupt, absolute power absolutely")– ആക്ടൺ പ്രഭു
* ഒരു സ്ത്രീക്ക് ലഭിക്കാവുന്ന ഏറ്റവും മികച്ച ഭർത്താവ് ഒരു പുരാവസ്തു ഗവേഷകനാണ്. കാരണം വയസ്സാകുന്തോറും അയാൾക്ക് അവളോടുള്ള സ്നേഹം കൂടിക്കൊണ്ടിരിക്കും (An archaeologist is the best husband any woman can have: the older she gets, the more interested he is in her.)– അഗതാ ക്രിസ്റ്റി (പിൽക്കാലത്ത് ഈ പ്രസ്താവന തന്റേതല്ലെന്ന് അവർ നിരാകരിച്ചിട്ടുണ്ട്).
* ഒരിക്കലും തെറ്റുവരുത്താത്തവർ ഒരിക്കൽ പോലും പുതിയൊരു കാര്യത്തിനായി പരിശ്രമിക്കാത്തവരാണ് (Anyone who has never made a mistake has never tried anything new.)– ആൽബർട്ട് ഐൻസ്റ്റീൻ
* മതമില്ലാതെ ശാസ്ത്രം മുടന്തനാണ്, ശാസ്ത്രമില്ലാത്ത മതം അന്ധനും ('Science without religion is lame and religion without science is blind')– ആൽബർട്ട് ഐൻസ്റ്റീൻ
* രക്തമാംസങ്ങളിൽ ഇങ്ങനെയൊരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന് വരുംതലമുറ വിശ്വസിച്ചെന്നുവരില്ല ("Generations to come, it may be, will scarce to believe that such a one as this ever in flesh and blood walked upon this earth")– ആൽബർട്ട് ഐൻസ്റ്റീൻ (ഗാന്ധിജിയെക്കുറിച്ച്)
* ഭാവന അറിവിനെക്കാൾ ഏറെ പ്രധാനമാണ്......("Imagination is more important than knowledge. For knowledge is limited to all we now know and understand, while imagination embraces the entire world, and all there ever will be to know and understand.") ആൽബർട്ട് ഐൻസ്റ്റീൻ



* ആവശ്യത്തിലധികം വൈദ്യൻമാരുടെ സഹായത്തോടെയാണ് ഞാൻ മരിക്കുന്നത് ("I am dying with the help of too many physicians')– മഹാനായ അലക്സാണ്ടർ (ബാബിലോണിൽവച്ച് വിരുന്നു സൽക്കാരത്തിനിടെ അമിതമായി മദ്യപിച്ചതിനെത്തുടർന്ന് അജീർണം പിടിപെട്ടാണ് മഹാനായ അലക്സാണ്ടർ മുപ്പത്തിമൂന്നാം വയസ്സിൽ മരണത്തിനുകീഴടങ്ങിയതെന്ന് കരുതപ്പെടുന്നു).
* തെറ്റ് മാനുഷികമാണ്, ക്ഷമ ദൈവികവും ('To err is human and to forgive is divine")- അലക്സാണ്ടർ പോപ്പ്
* മനുഷ്യരാശിയെക്കുറിച്ചുള്ള ശരിയായ പഠനമാണ് മനുഷ്യൻ ("The proper study of mankind is man")–അലക്സാണ്ടർ പോപ്പ്
* മാലാഖമാർ കയറാൻ മടിക്കുന്നിടത്ത് മടയൻമാർ പാഞ്ഞുകയറും ("For fools rush in where angels fear to tread") – അലക്സാണ്ടർ പോപ്പ്
* അല്പജ്ഞാനം അപകടകരം ("A little knowledge is a dangerous thing') – അലക്സാണ്ടർ പോപ്പ്
* എനിക്ക് നിൽക്കാനൊരിടം തരൂ, ഞാൻ ഈ ലോകത്തെ ഉയർത്താം (" Give me a place to stand and a lever long enough and I will move the world.")– ആർക്കിമിഡീസ്
* യുറേക്കാ.....യുറേക്കാ.....(ഞാൻ കണ്ടുപിടിച്ചു...ഞാൻ കണ്ടുപിടിച്ചു...) (Eureka.... Eureka)– ആർക്കിമിഡീസ് ( കുളിക്കാനായി വെള്ളംനിറച്ച വലിയ ടബ്ബിലേക്ക് ഇറങ്ങിയ ആർക്കിമിഡീസ് പുറത്തേക്ക് ഒഴുകിയ വെള്ളത്തിന്റെ അളവ് വെള്ളത്തിൽ മുങ്ങിയ തന്റെ ശരീരത്തിന്റെ വ്യാപ്തത്തിനു തുല്യമാണെന്ന് മനസ്സിലാക്കി. ക്രമരഹിതമായ ആകൃതിയുള്ള വസ്തുക്കളുടെ വ്യാപ്തം കൃത്യതയോടെ കണ്ടുപിടിക്കാൻ അതുവരെ കഴിഞ്ഞിരുന്നില്ല. പ്ലവന തത്ത്വം ഉപയോഗിച്ച് അതിനു സാധിക്കുമെന്ന് തിരിച്ചറിഞ്ഞ ആർക്കിമിഡീസ് അതിന്റെ ആഹ്ലാദത്തിൽ ബാത്ത് ടബ്ബിൽനിന്നിറങ്ങിയിട്ട് യുറേക്കാ.....യുറേക്കാ...എന്നു വിളിച്ചുകൊണ്ട് സിറാക്കൂസ് പട്ടണത്തിന്റെ തെരുവിലൂടെ ഓടി. വെപ്രാളത്തിനിടയിൽ വസ്ത്രം ധരിക്കാൻ മറന്നുപോയതിനാൽ നഗ്നനായിട്ടായിരുന്നു അദ്ദേഹത്തിന്റെ ഓട്ടം).
* വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുള്ളതും ഫലങ്ങൾ മധുരം നിറഞ്ഞതുമാണ് ("The roots of education is bitter but fruit is sweet') അരിസ്റ്റോട്ടിൽ
* മനുഷ്യൻ പ്രകൃത്യാ ഒരു സമൂഹജീവിയാണ് ("Man by nature a political animal") അരിസ്റ്റോട്ടിൽ
* രണ്ടു ശരീരത്തിലെ ഒറ്റ ആത്മാവാണ് സൗഹൃദം ("Friendship is a single soul dwelling in two bodies.") അരിസ്റ്റോട്ടിൽ



* ഒരു വ്യക്തി പ്രകൃത്യാ അവന്റേതല്ലെങ്കിൽ അവൻ ഒരു അടിമയാണ്– അരിസ്റ്റോട്ടിൽ
* ജീവിതത്തിനു വേണ്ടി രാഷ്ട്രം രൂപമെടുത്തു. നല്ല ജീവിതത്തിനുവേണ്ടി അത് നിലനിൽക്കുന്നു– അരിസ്റ്റോട്ടിൽ.
* സ്വതന്ത്ര്യം, ഭയമറിയുന്നില്ല ("Freedom knows no fear' ) – ഓങ് സാൻ സൂ കി
* ഓർക്കുക, സമയം പണമാണ് ("Remember, time is money' ) – ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
* ഉപകരണം നിർമിക്കുന്ന മൃഗമാണ് മനുഷ്യൻ ("Man is a tool making animal')- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

# Practice Questions

1. 'മിശ്രഭോജനം' നടപ്പാക്കിയ സാമൂഹിക പരിഷ്കർത്താവ്:
(എ) സഹോദരൻ അയ്യപ്പൻ
(ബി) വി.ടി.ഭട്ടതിരിപ്പാട്
(സി) ശ്രീനാരായണഗുരു
(ഡി) സി.കൃഷ്ണൻ

2. കുമാരനാശാന്റെ ആത്മീയാചാര്യൻ:
(എ) സ്വാമി വിവേകാനന്ദൻ
(ബി) ശ്രീനാരായണഗുരു
(സി) അയ്യൻകാളി
(ഡി) ചട്ടമ്പിസ്വാമികൾ

3. എത്ര വർഷം കൂടുമ്പോഴാണ് തിരുവനന്തപുരത്തെ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ മുറജപം നടത്തുന്നത്?
(എ) 12 (ബി) 6 (സി) 10 (ഡി) 7

4. 'മാപ്പിളകവികളുടെ കുലഗുരു' എന്നറിയപ്പെടുന്നത്:
(എ) മോയിൻകുട്ടിവൈദ്യർ
(ബി) മുഹമ്മദ് ഖാസി
(സി) ശൈഖ് സൈനുദ്ദീൻ
(ഡി) ഇവരാരുമല്ല

5. കേരള നിയമസഭയുടെ ചരിത്രത്തിൽ സ്ഥാനാർഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക മണ്ഡലം
(എ) മഞ്ചേശ്വരം (ബി) ദേവികുളം
(സി) തൃക്കരിപ്പൂർ (ഡി) നീലേശ്വരം

6. കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ആസ്ഥാനം
(എ) തിരുവനന്തപുരം (ബി) കൊച്ചി
(സി) ആലപ്പുഴ (ഡി) കൊല്ലം

7. ഷോർട്ട് ഹാൻഡ് കണ്ടുപിടിച്ചതാര്?
(എ) ഐസക് പിറ്റ്മാൻ
(ബി) വാട്ടർമാൻ
(സി) ജോൺ ലൗഡ് (ഡി) ഷോൾസ്

8. 'ജട്ലാൻഡ് ഉപദ്വീപിൽ' സ്ഥിതി ചെയ്യുന്ന രാജ്യം:
(എ) ഡെന്മാർക്ക് (ബി) ബ്രിട്ടൺ
(സി) റഷ്യ (ഡി) പോളണ്ട്

9. 1947-ൽ പാകിസ്താന്റെ തലസ്ഥാനമായിരുന്നത്:
(എ) റാവൽപിണ്ടി (ബി) കറാച്ചി
(സി) ഇസ്ലാമബാദ്
(ഡി) ഫൈസലാബാദ്

10. 'ജപ്പാൻ ഗാന്ധി' എന്നറിയപ്പെട്ട സാമൂഹിക പരിഷ്കർത്താവ്:
(എ) ഓങ് സാൻ
(ബി) ടൊയോഹിക്കോ കഗവ
(സി) യു നു (ഡി) കുറസോവ

11. 'ബേസിക് കോപ്പർ കാർബണേറ്റ്' സാധാരണമായി എന്തുപേരിലറിയപ്പെടുന്നു?
(എ) തുരുമ്പ് (ബി) ക്ലാവ്
(സി) തകരം (ഡി) തുരിശ്

12. 'ഒരു തെമ്മാടിയുടെ അവസാനത്തെ അഭയകേന്ദ്രമാണ് രാഷ്ട്രീയം' എന്നു പറഞ്ഞത്?
(എ) ഡോ.ജോൺസൺ
(ബി) വിൻസ്റ്റൺ ചർച്ചിൽ
(സി) ബെർണാഡ് ഷാ
(ഡി) എഡ്മണ്ട് ബർക്ക്

13. താഴെപ്പറയുന്നവയിൽ ഏതാണ് മാനസിക രോഗം?
(എ) ഓസ്റ്റിയോമലേഷ്യ
(ബി) ഗോയിറ്റർ
(സി) സ്കീസോഫ്രീനിയ
(ഡി) ഹാൻസൺസ് രോഗം

14. ഏതു വംശത്തിനു ശേഷമാണ് ഉത്തരേന്ത്യയിൽ മുഗൾവംശം അധികാരത്തിൽ വന്നത്?
(എ) ഖിൽജി (ബി) ലോധി
(സി) സയ്യിദ് (ഡി) തുഗ്ലക്

15. ഏതു വംശത്തിലെ രാജാവാണ് കനിഷ്കൻ?
(എ) ശകവംശം (ബി) മൗര്യവംശം
(സി) ഗുപ്തവംശം
(ഡി) കുശാനവംശം

16. ഗാന്ധിജി കോൺഗ്രസ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ച സ്ഥലമായ ബൽഗാം ഏതു സംസ്ഥാനത്താണ്?
(എ) ഉത്തർപ്രദേശ്(ബി) ഗുജറാത്ത്
(സി) കർണാടകം
(ഡി) ആന്ധ്രാപ്രദേശ്

17. അകശേരുകികളിൽ ഏറ്റവും വികാസം പ്രാപിച്ച മസ്തിഷ്കമുള്ള ജീവിയേത്?
(എ) ഒക്ടോപ്പസ്(നീരാളി)
(ബി) ഞണ്ട്
(സി) നക്ഷത്രമൽസ്യം (ഡി) കണവ

18. 'ഉർ' നഗരം ഏതു സംസ്കാരത്തിന്റെ ഭാഗമായിരുന്നു?
(എ) സൈന്ധവസംസ്കാരം
(ബി) ഈജിപ്ഷ്യൻ
(സി) ചൈനീസ്
(ഡി) മെസൊപൊട്ടാമിയൻ

19. 'ഗേറ്റ് വേ ഓഫ് ഇന്ത്യ' രൂപകൽപന ചെയ്തത്?
(എ) വില്യം എമേഴ്സൺ
(ബി) എഡ്വിൻ ലൂട്യൻസ്
(സി) ജോർജ് വിറ്റെറ്റ്
(ഡി) ലെ കർബുസിയർ

20. ഡൽഹിയിലെ എട്ടാമത്തെ നഗരം എന്നറിയപ്പെടുന്നത്?
(എ) ഷാജഹനാബാദ് (ബി) സിരി
(സി) പുരാണാ കില
(ഡി) ന്യൂഡൽഹി

21. ദക്ഷിണാർധഗോളത്തിൽ ആദ്യമായി ഒളിമ്പിക്സിനു വേദിയായ നഗരം:
(എ) സിഡ്നി (ബി) മെൽബൺ
(സി) ടോക്കിയോ (ഡി) ബെയ്ജിങ്

22. 'നഭ സ്പർശം ദീപ്തം' എന്ന ആപ്തവാക്യം ഏതിന്റേതാണ്?
(എ) എയർ ഇന്ത്യ
(ബി) ഇന്ത്യൻ എയർലൈൻസ്
(സി) ഇന്ത്യൻ എയർഫോഴ്സ്
(ഡി) എയർ ഡെക്കാൺ

23. വ്യാപാര പ്രദർശനങ്ങൾക്കു പ്രസിദ്ധമായ 'പ്രഗതി മൈതാനം' ഏതു നഗരത്തിലാണ്?
(എ) മുംബൈ (ബി) കൊൽക്കത്ത
(സി) ന്യൂഡൽഹി (ഡി) ചെന്നൈ

24. ബ്രിട്ടനിൽ സാധാരണമായി 'ഫസ്റ്റ് ലോർഡ് ഓഫ് ട്രഷറി' എന്നറിയപ്പെടുന്നത്?
(എ) പ്രധാനമന്ത്രി (ബി) ധനമന്ത്രി
(സി) റിസർവ് ബാങ്ക് ഗവർണർ
(ഡി) ധനകാര്യസെക്രട്ടറി

25. 'യുനാനി' ചികിൽസാ സമ്പ്രദായം പ്രചരിപ്പിച്ചത്?
(എ) അറബികൾ
(ബി) ബുദ്ധമതക്കാർ
(സി) ജൈനർ (ഡി) ജൂതൻമാർ

26. 'ജൊവാൻ ഓഫ് ആർക്ക്' ഏതു നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്?
(എ) 14 (ബി) 15
(സി) 16 (ഡി) 17

27. സാഹിത്യ നൊബേലിനർഹയായ ആദ്യ വനിത:
(എ) മാഡം ക്യൂറി
(ബി) ബെർത്താ വോൺ സട്നർ
(സി) സെൽമ ലാഗർലോഫ്
(ഡി) സൂലി പ്രുധോം

28. ജനറൽ ഫ്രാങ്കോ ഏതു രാജ്യത്തെ ഭരണാധികാരിയായിരുന്നു?
(എ) സ്പെയിൻ (ബി) ഫ്രാൻസ്
(സി) റഷ്യ (ഡി) നെതർലൻഡ്സ്

29. പസഫിക് സമുദ്രം കണ്ടെത്തിയത്:
(എ) വാസ്കോ നൂനസ് ബൽബോവ
(ബി) മഗല്ലൻ (സി) ക്യാപ്റ്റൻ കുക്ക്
(ഡി) കൊളംബസ്

30. ക്വാമി എൻക്രൂമ ഏതു രാജ്യത്തെ സ്വാതന്ത്ര്യസമരത്തെയാണ് നയിച്ചത്?
(എ) സൈപ്രസ് (ബി) ഘാന
(സി) ഹെയ്ത്തി (ഡി) കെനിയ

31. മാലിദ്വീപിൽ ഏറ്റവും കൂടുതലുള്ള മതക്കാർ?
(എ) ബുദ്ധമതം (ബി) ക്രിസ്തുമതം
(സി) ഇസ്ലാംമതം (ഡി) ഹിന്ദുമതം

32. 1911-ൽ അതിചാലകത കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ?
(എ) കാമർലിങ് ഓനസ്
(ബി) എഡിസൺ (സി) ഐൻസ്റ്റീൻ
(ഡി) തിയോഡർ മെയ്മാൻ

33. യു.എൻ.ചാർട്ടറിന്റെ ആമുഖം തയ്യാറാക്കിയത്?
(എ) ജവാഹർലാൽ നെഹ്റു
(ബി) ജനറൽ സ്മട്ട്സ്
(സി) ഫ്രാങ്ക്ലിൻ ഡി റൂസ്‌വെൽറ്റ്
(ഡി) വിൻസ്റ്റൺ ചർച്ചിൽ

34. 'ബ്രെയിൻ വേവ് ടെസ്റ്റ്' എന്ന പേരിലും അറിയപ്പെടുന്നത്?
(എ) ഇലക്ട്രോ എൻസെഫാലോഗ്രാം
(ബി) ഇലക്ട്രോ കാർഡിയോഗ്രാം
(സി) ട്രെഡ് മിൽ ടെസ്റ്റ് (ഡി) മാൻടോക്സ് ടെസ്റ്റ്

35. താഴെപ്പറയുന്നവയിൽ ഏതു ഭൂഖണ്ഡമാണ് ഇതുവരെ ഒളിമ്പിക്സിനു വേദിയാകാത്തത്?
(എ) ആഫ്രിക്ക (ബി) യൂറോപ്പ്
(സി) ഏഷ്യ (ഡി) വടക്കേ അമേരിക്ക

36. 'ദുർബല മനസ്സുകളുടെ മതമാണ് അന്ധവിശ്വാസം' എന്നു പറഞ്ഞത്?
(എ) ബെർണാഡ് ഷാ (ബി) ഷേക്സ്പിയർ
(സി) അരിസ്റ്റോട്ടിൽ (ഡി) എഡ്മണ്ട് ബർക്ക്

37. ഇന്ത്യൻ നാവികസേനയുടെ ആസ്ഥാനം:
(എ) വിശാഖപട്ടണം (ബി) ചെന്നൈ
(സി) ന്യൂഡൽഹി (ഡി) മുംബൈ

38. ഇന്ത്യയിലെ ദേശീയ ഹെലികോപ്റ്റർ സർവീസ് കമ്പനി:
(എ) സരസ് (ബി) പവൻ ഹൻസ്
(സി) ലക്ഷ്യ (ഡി) ആകാശ്

39. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ഏക അമേരിക്കൻ പ്രസിഡന്റ്:
(എ) വില്യം ഹോവാർഡ് താഫ്റ്റ്
(ബി) ജെയിംസ് ബുക്കാനൻ
(സി) വില്യം ഹെൻറി ഹാരിസൺ
(ഡി) തോമസ് ജെഫേഴ്സൺ

40. ഐക്യരാഷ്ട്രസഭ നിലവിൽവന്നപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്?
(എ) വിൻസ്റ്റൺ ചർച്ചിൽ (ബി) നെവിൽ ചേംബർലെയിൻ
(സി) റാംസേ മക്ഡൊണാൾഡ്
(ഡി) ക്ലമന്റ് ആറ്റ്ലി

41. ബ്രിട്ടനിൽ സാധാരണമായി 'ചാൻസലർ ഓഫ് എക്സ്ചെക്കർ' എന്നറിയപ്പെടുന്നത്?
(എ) ധനമന്ത്രി (ബി) പ്രധാനമന്ത്രി
(സി) റിസർവ് ബാങ്ക് ഗവർണർ
(ഡി) ധനകാര്യസെക്രട്ടറി

42. പാകിസ്താൻ ഇസ്ലാമിക റിപ്പബ്ലിക് ആയ വർഷം:
(എ) 1947 (ബി) 1971
(സി) 1956 (ഡി) 1950

43. 'എസ്പെരന്റോ' എന്ന കൃത്രിമഭാഷ ആവിഷ്കരിച്ചത്?
(എ) ഐസക് പിറ്റ്മാൻ(ബി) ചാൾസ് ബാബേജ്
(സി) ലൂയി സാമൻഹോഫ് (ഡി) ലൂയി ബ്രെയിലി

44. 'വക്കഫ് ബോർഡ്' ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഇസ്ലാം (ബി) ക്രിസ്ത്യൻ
(സി) ഹിന്ദു (ഡി) ജൂത

45. 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രകാരൻ' എന്നറിയപ്പെടുന്നത്:
(എ) പട്ടാഭി സീതാരാമയ്യ
(ബി) ജെ.ബി.കൃപലാനി
(സി) മഹാദേവ് ദേശായി
(ഡി) ജവാഹർലാൽ നെഹ്റു

46. ഏതു മാസത്തിലാണ് വിഷു ആഘോഷിക്കുന്നത്?
(എ) ചിങ്ങം (ബി) തുലാം
(സി) ധനു (ഡി) മേടം

47. 'ഹിജ്റാ വർഷ'ത്തിന്റെ ആരംഭത്തിനു നിദാനമായത്:
(എ) മുഹമ്മദ് നബിയുടെ ജനനം
(ബി) മുഹമ്മദ് നബിക്ക് ദൈവിക വെളിപാട് ലഭിച്ചത്
(സി) മദീനയിലേക്കുള്ള മുഹമ്മദ് നബിയുടെ പലായനം
(ഡി) മുഹമ്മദ് നബി മക്ക ആക്രമിച്ച് കീഴടക്കിയത്

48. ഒമർഖയ്യാം എവിടുത്തെ കവിയായിരുന്നു?
(എ) ഗ്രീസ് (ബി) റോം
(സി) പേർഷ്യ (ഡി) ഈജിപ്ത്

49. 'സർവരാജ്യസഖ്യം' രൂപംകൊണ്ട വർഷം:
(എ)1918 (ബി)1919
(സി)1920 (ഡി) 1921

50. പദ്മഭൂഷൺ ബഹുമതിക്ക് അർഹനായ ആദ്യ മലയാള നടൻ
(എ) മമ്മൂട്ടി (ബി) മോഹൻലാൽ
(സി) പ്രേംനസീർ (ഡി) തിക്കുറിശ്ശി

51. ജവാഹർലാൽ നെഹ്റു ഏറ്റവും കൂടുതൽ കാലം കൈകാര്യം ചെയ്ത വകുപ്പ്
(എ) പ്രതിരോധം (ബി) ധനകാര്യം
(സി) വിദ്യാഭ്യാസം (ഡി) വിദേശകാര്യം

52. ഡോ.കെ. ഭാസ്കരൻ നായരുടെ 'ദൈവനീതിക്കു ദാക്ഷിണ്യമില്ല' എന്ന ഗ്രന്ഥം ആരുടെ നോവലുകളെ ആധാരമാക്കിയുള്ള നിരൂപണമാണ്?
(എ) സി.വി.രാമൻപിള്ള
(ബി) ഒ.ചന്തുമേനോൻ
(സി) കേശവദേവ്
(ഡി) തകഴി ശിവശങ്കരപ്പിള്ള

53. കരയിലെ മൃഗങ്ങളിൽ ജിറാഫ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉയരമുള്ളത്:
(എ) ആഫ്രിക്കൻ ആന
(ബി) ഏഷ്യൻ ആന
(സി) ഒട്ടകം (ഡി) ധ്രുവക്കരടി

54. ഒട്ടകപ്പക്ഷിയുടെ കാലിൽ എത്ര വിരലുകൾ ഉണ്ട്?
(എ) 3 (ബി) 4
(സി) 2 (ഡി) 5

55. ഔദ്യോഗിക പദവി ലഭിച്ച ആദ്യത്തെ ലോക്സഭാ പ്രതിപക്ഷ നേതാവ്?
(എ) എ.കെ.ഗോപാലൻ
(ബി) റാംസുഭഗ് സിങ്
(സി) വൈ.ബി. ചവാൻ
(ഡി) എസ്.ബി.ചവാൻ

56. തിരുവിതാംകൂറിൽ പണ്ടുണ്ടായിരുന്ന 'മണ്ഡപത്തിൻ വാതുക്കലി'നു തുല്യമായ ഇപ്പോഴത്തെ ഭരണഘടകം :
(എ) ജില്ല (ബി) വില്ലേജ്
(സി) റവന്യൂ ഡിവിഷൻ
(ഡി) താലൂക്ക്

57. ഇന്ത്യയിൽ ഏറ്റവും കുറച്ച് അംഗങ്ങൾ ഉള്ള നിയമസഭ:
(എ) ഗോവ (ബി) സിക്കിം
(സി) പുതുച്ചേരി (ഡി) ഡൽഹി

58. 'മലബാർ മാന്വൽ' രചിച്ചത്?
(എ) അർണോസ് പാതിരി
(ബി) വില്യം ലോഗൻ
(സി) തോമസ് ഹാർവെ ബാബർ
(ഡി) വില്യം മക്ലിയോഡ്

59. ബാലഗംഗാധര തിലകൻ 'മറാത്ത' എന്ന

പത്രം ഏത് ഭാഷയിലാണ് ആരംഭിച്ചത്?
(എ) മറാഠി (ബി) ഇംഗ്ലീഷ്
(സി) ഹിന്ദി (ഡി) സംസ്കൃതം

60. ഹൈപ്പോകലേമിയ എന്ന രോഗം ഉണ്ടാകുന്നത് എന്തിന്റെ കുറവുകൊണ്ടാണ്?
(എ) പൊട്ടാസ്യം (ബി) സോഡിയം
(സി) കാൽസ്യം (ഡി) ഇരുമ്പ്

61. മുഖ്യമന്ത്രിയായ ആദ്യ സിനിമാതാരം:
(എ) ജാനകി രാമചന്ദ്രൻ
(ബി) എം.ജി.ആർ.
(സി) ജയലളിത
(ഡി) എൻ.ടി.രാമറാവു

62. താഴെപ്പറയുന്നവയിൽ ഭാഗവതം ദശമസ്കന്ദം അവലംബിച്ച് രചിച്ചത്?
(എ) ഗീതഗോവിന്ദം (ബി) കൃഷ്ണഗാഥ
(സി) നളചരിതം (ഡി) മേഘസന്ദേശം

63. സൈമൺ കമ്മിഷൻ ഇന്ത്യയിലെത്തിയ വർഷം:
(എ) 1927 (ബി) 1929
(സി) 1928 (ഡി) 1930

64. കേരളത്തിൽ എവിടെയാണ് 'ജൂതക്കുന്ന്'?
(എ) മട്ടാഞ്ചേരി (ബി) മാടായി
(സി) ചാവക്കാട് (ഡി) കൊടുങ്ങല്ലൂർ

65. പസഫിക് സമുദ്രം കണ്ടെത്തിയത്?
(എ) മഗല്ലൻ
(ബി) വാസ്കോ നൂനസ് ബെൽബോവ
(സി) വാസ്കോ ഡ ഗാമ
(ഡി) ബെർത്തലോമ്യ ഡയസ്

66. കുട്ടികളിൽ തൈറോയിഡിന്റെ കുറവു മൂലമുണ്ടാകുന്ന രോഗം
(എ) ക്രെട്ടിനിസം (ബി) പെല്ലാഗ്ര
(സി) കണ (ഡി) ബെറിബെറി

67. നട്ടെല്ലിലെ കശേരുക്കളിൽ ആദ്യത്തേത്?
(എ) റേഡിയസ് (ബി) ഫീമർ
(സി) അറ്റ്ലസ് (ഡി) കോക്സിക്സ്

68. കേരളത്തിലെ അസംബ്ലി മണ്ഡലങ്ങൾ 140 ആയ വർഷം:
(എ) 1957 (ബി) 1965
(സി) 1977 (ഡി) 1982

69. കൊച്ചിയിലെ ആദ്യത്തെ ജനകീയ മന്ത്രി:
(എ) കോഴിപ്പുറത്ത് മാധവമേനോൻ
(ബി) അമ്പാട്ടു ശിവരാമമേനോൻ
(സി) ഇക്കണ്ടവാര്യർ
(ഡി) ഡോ.എ.ആർ.മേനോൻ

70. വെങ്കടക്കോട്ട ഇപ്പോൾ അറിയപ്പെടുന്നത്
(എ) സുൽത്താൻ ബത്തേരി
(ബി) കൊല്ലങ്കോട്
(സി) കോട്ടയ്ക്കൽ (ഡി) മഞ്ചേരി

71. മാർത്താണ്ഡവർമ 'തൃപ്പടിദാനം' നടത്തിയ വർഷം
(എ) 1750 (ബി) 1729
(സി) 1764 (ഡി) 1758

72. ഏത് മാസത്തിലാണ് 'തുഞ്ചൻ ദിനം' ആഘോഷിക്കുന്നത്?
(എ) മെയ് (ബി) ആഗസ്ത്
(സി) ഡിസംബർ (ഡി) സപ്തംബർ

73. ആഫ്രിക്കൻ വൻകരയിലെ ആദ്യത്തെ റിപ്പബ്ലിക്
(എ) ഘാന (ബി) ലൈബീരിയ
(സി) ദക്ഷിണാഫ്രിക്ക
(ഡി) ഈജിപ്ത്

74. പാകിസ്താന്റെ സാമ്പത്തിക തലസ്ഥാനം
(എ) ഇസ്ലാമബാദ് (ബി) ലാഹോർ
(സി) കറാച്ചി (ഡി) റാവൽപിണ്ടി

75. 'രസരാജാവ്' എന്നറിയപ്പെടുന്നത്
(എ) കരുണം (ബി) രൗദ്രം
(സി) ബീഭത്സം (ഡി) ശൃംഗാരം

76. ചാന്ദ്രയാൻ ഒന്ന് പദ്ധതിയുടെ ഭാഗമായി ചന്ദ്രനിൽ ഇന്ത്യൻ ത്രിവർണ പതാക ചെന്നെത്തിയ ദിവസം :
(എ) 2008 നവംബർ 15
(ബി) 2008 നവംബർ 16
(സി) 2008 നവംബർ 14
(ഡി) 2008 നവംബർ 13

77. ദേശീയ സാമുദ്രിക ദിനമായി കൊണ്ടാടുന്നത് ഏത് കപ്പലിന്റെ കന്നിയാത്രയാണ്?
(എ) എംവി ടിപ്പു സുൽത്താൻ
(ബി) എംഎസ് പ്രസ്റ്റിജ്
(സി) എംവി ആൻഡമാൻസ്
(ഡി) എംഎസ് ലോയൽറ്റി

78. 'സാഗർമാത' എന്നറിയപ്പെടുന്ന കൊടുമുടിയേത്?
(എ) എവറസ്റ്റ് (ബി) നംഗപർവതം
(സി) നന്ദാദേവി (ഡി) കാഞ്ചൻജംഗ

79. 'പ്രജാരാജ്യം' എന്ന പാർട്ടി സ്ഥാപിച്ചത്
(എ) രജനീകാന്ത് (ബി) അംബരീഷ്
(സി) ചിരഞ്ജീവി (ഡി) സത്യരാജ്

80. ബുദ്ധമതവിശ്വാസികൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം
(എ) മഹാരാഷ്ട്ര (ബി) ഉത്തർ പ്രദേശ്
(സി) ബീഹാർ (ഡി) കർണാടക

81. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയ പ്രധാനമന്ത്രി
(എ) ഇന്ദിരാഗാന്ധി
(ബി) രാജീവ് ഗാന്ധി
(സി) വി.പി.സിങ് (ഡി) ചരൺസിങ്

82. 'ശൗര്യ' എന്തു തരം മിസൈലാണ്?
(എ) വ്യോമ- ഭൂതലം (ബി) ഭൂതലം-വ്യോമ
(സി) ഭൂതലം- ഭൂതലം
(ഡി) വ്യോമ-വ്യോമ

83. ഒരു സിനിമയിൽ പത്തുവേഷങ്ങൾ അഭിനയിച്ച ആദ്യ ഇന്ത്യൻ സിനിമാ നടൻ:
(എ) കമലഹാസൻ (ബി) അർജുൻ
(സി) രജനീകാന്ത് (ഡി) ചിരഞ്ജീവി

84. ഇന്ത്യ ആദ്യമായി ഒളിമ്പിക്സിൽ സ്വർണം നേടിയ വർഷം
(എ) 2008 (ബി) 1952
(സി) 1928 (ഡി) 1900

85. ഇന്ത്യയിലെ ആദ്യത്തെ പുകയില വിമുക്ത ജില്ല
(എ) പത്തനംതിട്ട (ബി) വയനാട്
(സി) കൊല്ലം (ഡി) കോട്ടയം

86. മുഗൾ സാമ്രാജ്യം എത്ര വർഷം നിലനിന്നു?
(എ) 381 (ബി) 331
(സി) 400 (ഡി) 250

87. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ഡപ്യൂട്ടി സ്പീക്കറായത്
(എ) ആർ എസ് ഉണ്ണി
(ബി) സി എച്ച് മുഹമ്മദ് കോയ
(സി) സുന്ദരം നാടാർ
(ഡി) വക്കം പുരുഷോത്തമൻ

88. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കലണ്ടർ
(എ) കൊല്ലവർഷം (ബി) ഹിജറ
(സി) ഗ്രിഗോറിയൻ (ഡി) ശക വർഷം

89. താഴെപ്പറയുന്നവയിൽ ഏറെക്കുറെ മൃതാവസ്ഥയിലായ ഭാഷയേത്?
(എ) മലയാളം (ബി) നേപ്പാളി
(സി) തമിഴ് (ഡി) അരാമയ ഭാഷ

90. 'അറാറത്ത് പർവതം' ഏത് രാജ്യത്താണ്?
(എ) ജപ്പാൻ (ബി) ഇസ്രയേൽ
(സി) ഇന്ത്യ (ഡി) തുർക്കി

91. ലോകത്തിലെ ഏറ്റവും ചെറിയ മുസ്ലിം രാജ്യം
(എ) ബഹറിൻ (ബി) ഖത്തർ
(സി) മാലദ്വീപ് (ഡി) ഇറാൻ

92. കരയിലെ ഏറ്റവും ശക്തിയുള്ള മൃഗം
(എ) ഒട്ടകം (ബി) ജിറാഫ്
(സി) കാള (ഡി) ആന

93. ഏതു രംഗത്തു നൽകുന്ന പുരസ്കാരമാണ് 'സുവർണ ചകോരം'?
(എ) പത്രപ്രവർത്തനം (ബി) സിനിമ
(സി) നാടകം (ഡി) വിദ്യാഭ്യാസം

94. ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ട ഒരേയോരു അമേരിക്കൻ പ്രസിഡന്റ്
(എ) ലിങ്കൺ (ബി) ജോർജ് വാഷിങ്ടൺ
(സി) കെന്നഡി (ഡി) റൂസ്‌വെൽറ്റ്

95. കൂറുമാറ്റ നിരോധന നിയമത്തിലൂടെ അംഗത്വം നഷ്ടപ്പെട്ട ആദ്യ എം.എൽ.എ.:
(എ) ആർ.ബാലകൃഷ്ണപിള്ള
(ബി) എം.വി.രാഘവൻ
(സി) കെ.ആർ.ഗൗരി
(ഡി) പി.ജെ.ജോസഫ്

96. ഡച്ചുകാർ എന്നറിയപ്പെടുന്നത് ഏത് രാജ്യത്തെ ജനതയാണ്
(എ) ഡെൻമാർക്ക്
(ബി) നെതർലൻഡ്സ്
(സി) ജർമനി (ഡി) ബെൽജിയം

97. താഴെപ്പറയുന്നവയിൽ നെപ്പോളിയന്റെ അപരനാമം അല്ലാത്തത്?
(എ) ലിറ്റിൽ കോർപ്പറൽ
(ബി) ഫ്രഞ്ചുവിപ്ലവത്തിന്റെ പിതാവ്
(സി) ഫ്രഞ്ചുവിപ്ലവത്തിന്റെ ശിശു
(ഡി) ഭാഗധേയത്തിന്റെ മനുഷ്യൻ

98. 'പറങ്കികൾ' എന്നറിയപ്പെടുന്നത്
(എ) ഡച്ചുകാർ (ബി) ഇംഗ്ലീഷുകാർ
(സി) പോർച്ചുഗീസുകാർ
(ഡി) ഫ്രഞ്ചുകാർ

99. പഞ്ചസാരയുടെ ഘടകമല്ലാത്തത്?
(എ) കാർബൺ (ബി) ഹൈഡ്രജൻ
(സി) ഓക്സിജൻ (ഡി) നൈട്രജൻ

100. പാലിൽ അടങ്ങിയിരിക്കുന്ന മാംസ്യം?
(എ) ലാക്ടോസ് (ബി) ലാക്സേസ്
(സി) കേസീൻ (ഡി) കരോട്ടിൻ

## Answers

1 (a) 2 (b) 3 (b) 4 (a) 5 (a) 6 (b) 7 (a) 8 (a) 9 (b) 10 (b) 11 (b) 12 (a) 13 (c) 14 (b) 15 (d) 16 (c) 17 (a) 18 (d) 19 (c) 20 (d) 21 (b) 22 (c) 23 (c) 24 (a) 25 (a) 26 (b) 27 (c) 28 (a) 29 (a) 30 (b) 31 (c) 32 (a) 33 (b) 34 (a) 35 (a) 36 (d) 37 (c) 38 (b) 39 (a) 40 (d) 41 (a) 42 (c) 43 (c) 44 (a) 45 (a) 46 (d) 47 (c) 48 (c) 49 (c) 50 (c) 51 (d) 52 (a) 53 (a) 54 (c) 55 (b) 56 (d) 57 (c) 58 (b) 59 (b) 60 (a) 61 (b) 62 (b) 63 (c) 64 (c) 65 (b) 66 (a) 67 (c) 68 (c) 69 (b) 70 (c) 71 (a) 72 (c) 73 (b) 74 (c) 75 (d) 76 (c) 77 (d) 78 (a) 79 (c) 80 (a) 81 (c) 82 (c) 83 (a) 84 (c) 85 (d) 86 (b) 87 (a) 88 (c) 89 (d) 90 (d) 91 (c) 92 (d) 93 (b) 94 (b) 95 (a) 96 (b) 97 (b) 98 (c) 99 (d) 100 (c)

# ലോകപ്രശസ്ത പുരസ്കാരങ്ങൾ–1

## ആബേൽ പ്രൈസ്

* ഗണിതത്തിലെ നൊബേൽ എന്നറിയപ്പെടുന്ന പുരസ്കാരമാണ് ആബേൽ പ്രൈസ്. ഈ പുരസ്കാരം ഏർപ്പെടുത്തുന്നതുവരെ ഗണിതമേഖലയിൽ മാത്രം നൽകുന്ന ഏറ്റവും ഉന്നതമായ അംഗീകാരമായി കണക്കാക്കപ്പെട്ടിരുന്നത് ഫീൽഡ്സ് മെഡലാണ്.
* നോർവീജിയൻ ഗണിതകാരനായിരുന്ന Niels Henrik Abel (1802–1829) ന്റെ ഇരുനൂറാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ സ്മരണാർഥം നോർവേ സർക്കാർ ഏർപ്പെടുത്തിയ അവാർഡ് ആദ്യമായി നൽകിയത് 2003ലാണ്. ജേതാവിനെ നിശ്ചയിക്കുന്നത് നോർവീജിയൻ അക്കാദമി ഓഫ് സയൻസ് ആന്റ് ലെറ്റേഴ്സ് ആണ്.
* Srinivasa S.R. Varadhan ആണ് ഈ പുരസ്കാരത്തിനർഹനായ ആദ്യ ഇന്ത്യൻ വംശജൻ (2007).

## ബാഫ്റ്റ അവാർഡ്

* അമേരിക്കയിലെ ഓസ്കറിനു തുല്യമായ ബ്രിട്ടീഷ് അവാർഡാണ് ബാഫ്റ്റ അവാർഡ്. British Academy of Film and Television Arts (BAFTA) ആണ് അവാർഡ് നൽകുന്നത്. David Lean, Alexander Korda, Carol Reed, Charles Laughton, Roger Manvell തുടങ്ങിയവർ ചേർന്നാണ് 1947 ൽ ബ്രിട്ടീഷ് ഫിലിം അക്കാദമി സ്ഥാപിച്ചത്.
* ബാഫ്റ്റ അവാർഡിന് ഇന്ത്യയിൽനിന്ന് ആദ്യമായി അർഹരായത് സ്ലംഡോഗ് മില്യണർ എന്ന ചിത്രത്തിലൂടെ റസൂൽ പൂക്കുട്ടി (Best Sound editing) , എ.ആർ.റഹ്മാൻ (best music score) എന്നിവരാണ്. നയതന്ത്രജ്ഞനായ വികാസ് സ്വരൂപ് രചിച്ച *ക്യൂ ആന്റ് എ* എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് സ്ലംഡോഗ് മില്യണർ.

## ബുക്കർ സമ്മാനം

* കോമൺവെൽത്ത് രാജ്യങ്ങളിലെയും അയർലൻഡിലെയും എഴുത്തുകാർക്ക് നൽകുന്ന ബുക്കർ സമ്മാനം 1969 മുതൽ നൽകിവരുന്നു. 2002-ൽ പുരസ്കാരം നൽകുന്ന ചുമതല മാൻ ഗ്രൂപ്പ് ഏറ്റെടുത്തെങ്കിലും പഴയ പേര് നിലനിർത്തി.
* ആദ്യമായി ബുക്കർ നേടിയത് യുണൈറ്റഡ് കിംഗ്ഡത്തിലെ P. H. Newby (1969). കൃതി Something to Answer For.
* 1971-ൽ ഇൻ എ ഫ്രീ സ്റ്റേറ്റ് എന്ന രചനയിലൂടെ അവാർഡിനർഹനായ ട്രിനിഡാഡുകാരനായ വി.എസ്. നയ്പാലാണ് ഈ പുരസ്കാരത്തിനർഹനായ ആദ്യ ഇന്ത്യൻ വംശജൻ.
* 1997-ൽ ദ ഗോഡ് ഓഫ് സ്മാൾ തിംഗ്സിലൂടെ ബുക്കർ നേടിയ അരുന്ധതി റോയിയാണ് ഇന്ത്യയിൽനിന്ന് ആദ്യമായി ബുക്കർ നേടിയത്. കോട്ടയം ജില്ലയിൽ മീനച്ചിലാറിന്റെ തീരത്തുള്ള അയ്മനം പശ്ചാത്തലമാക്കി രചിച്ച നോവലാണിത്.
* The Inheritance of Loss എന്ന കൃതിയിലൂടെ 2006ൽ കിരൺ ദേശായിയും , The White Tiger എന്ന കൃതിയിലൂടെ 2008-ൽ അരവിന്ദ് അഡിഗയും ഇന്ത്യയിൽനിന്ന് ബുക്കർ നേടി.
* രണ്ടു പ്രാവശ്യം ബുക്കർ നേടിയ ആദ്യ എഴുത്തുകാരൻ ദക്ഷിണാഫ്രിക്കക്കാരനായ ജെ.എം. കൂറ്റ്സേ ആണ് (1983, 1999). രണ്ടാമത്തെയാൾ Peter Carey ആണ് (1988, 2001).
* 1981-ൽ ബുക്കറിനർഹനായ സാൽമാൻ റുഷ്ദിയുടെ മിഡ്നൈറ്റ്സ് ചിൽഡ്രൻ എന്ന കൃതി 1993-ൽ ബുക്കറിന്റെ 25 വർഷത്തിലെ ചരിത്രത്തിലെ മികച്ച കൃതി തിരഞ്ഞെടുക്കപ്പെടുകയും ബുക്കർ ഓഫ് ബുക്കേഴ്സ് പ്രൈസ് എന്ന ബഹുമതിക്ക് അർഹമാകുകയും ചെയ്തു. 2008-ൽ ബുക്കറിന്റെ 40 വർഷത്തെ ചരിത്രത്തിലെ മികച്ച കൃതിയായും അത് തിരഞ്ഞെടുക്കപ്പെടുകയും ബെസ്റ്റ് ഓഫ് ബുക്കർ എന്ന ബഹുമതി സ്വന്തമാക്കുകയും ചെയ്തു.
* ബുക്കർ സമ്മാനം നേടിയ നാലുപേർ സാഹിത്യ നൊബേൽ സമ്മാനത്തിനും അർഹരായിട്ടുണ്ട്- വി.എസ്. നയ്പാൾ (1971 ബുക്കർ, 2001 നൊബേൽ), നദിൻ ഗോർഡിമർ (1974, 1991), വില്യം ഗോൾഡിംഗ് (1980, 1983), ജെ.എം. കൂറ്റ്സേ (1984, 1999). ഇവരിൽ വില്യം ഗോൾഡിംഗാണ് രണ്ടു പുരസ്കാരങ്ങളും നേടിയ ആദ്യ വ്യക്തി.

ബ്രോൺസ് വുൾഫ്

* ലോക സ്കൗട്ട് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നൽകുന്ന സംഭാവനയെ മാനിച്ച് ലോക സ്കൗട്ട് കമ്മിറ്റി നൽകുന്ന ബഹുമതിയാണ് ബ്രോൺസ് വുൾഫ്.

